2024 SEPTEMBER
09
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




## റഷ്യ, യുക്രെയ്ൻ പ്രശ്നപരിഹാരത്തിന് ഇന്ത്യ

### ഡോവൽ മോസ്കോയിലേക്ക്



**ന്യൂഡൽഹി:** റഷ്യ, യുക്രെയ്ൻ സംഘർഷം അവസാനിപ്പിക്കുന്നതിനുള്ള ചർച്ചകൾക്കായി ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ അടുത്തയാഴ്ച മോസ്കോ സന്ദർശിക്കുമെന്ന് ദേശീയ മാധ്യമങ്ങൾ. പ്രധാനമന്ത്രി നരേന്ദ്ര മോദി റഷ്യയും യുക്രെയ്നും സന്ദർശിച്ച് രണ്ട് രാജ്യങ്ങളിലെയും പ്രസിഡന്റുമാരുമായി ചർച്ച നടത്തിയതിനു പിന്നാലെയാണ് അജിത് ഡോവലിന്റെ സന്ദർശനം.

യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കിയെ കണ്ടശേഷം നരേന്ദ്ര മോദി റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുട്ടിനുമായി ഫോണിൽ സംസാരിച്ചിരുന്നു. രാഷ്ട്രീയ, നയതന്ത്ര ചർച്ചകളിലൂടെ യുക്രെയ്ൻ, റഷ്യ പ്രശ്ന പരിഹാരത്തിനുള്ള ഇന്ത്യയുടെ സന്നദ്ധത പ്രധാനമന്ത്രി, റഷ്യൻ പ്രസിഡന്റിനെ അറിയിച്ചിരുന്നു. ഈ ഫോൺ ചർച്ചയിലാണ് അജിത് ഡോവലിനെ റഷ്യയിലേക്ക് അയയ്ക്കാൻ തീരുമാനമായതെന്ന് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. സന്ദർശന തീയതി സംബന്ധിച്ച് വ്യക്തതയില്ല.

സംഘർഷത്തിൽ ആശങ്ക പ്രകടിപ്പിച്ച പ്രധാനമന്ത്രി, സമാധാനത്തിനായി ഇരു രാജ്യങ്ങളും നയതന്ത്ര ചർച്ചകളിലൂടെ പരിഹാരം കാണണമെന്നും നിർദേശിച്ചിരുന്നു.

കഴിഞ്ഞ മാസം യുക്രെയ്ൻ സന്ദർശിച്ചപ്പോൾ പ്രധാനമന്ത്രി പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കിയുമായി സംഘർഷം അവസാനിപ്പിക്കുന്നതു സംബന്ധിച്ച ചർച്ചകൾ നടത്തിയിരുന്നു. ഇന്ത്യ സമാധാനത്തിന്റെ ഭാഗത്താണെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.

# എഫ് ആന്റ് ഒ ഇപാടുകളിൽ നിയന്ത്രണം ഉടൻ

## കർശന വ്യവസ്ഥകളുമായി സെബി

**മുംബൈ:** ഡെറിവേറ്റീവ് വ്യാപാരം നിയന്ത്രിക്കാൻ കർശന വ്യവസ്ഥകൾ കൊണ്ടുവരാൻ സെക്യൂരിറ്റീസ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ. ഇതുസംബന്ധിച്ച നിർദേശങ്ങൾ ഉടനെ പ്രാബല്യത്തിലാകും. ഊഹക്കച്ചവടത്തിലൂടെ വർഷംതോറും 50,000 കോടിയിലേറെ രൂപയുടെ നഷ്ടം ചെറുകിട നിക്ഷേപകർക്കുണ്ടാകുന്നുണ്ടെന്നാണ് സെബിയുടെ വിലയിരുത്തൽ.

ജൂലായിൽ പുറത്തുവിട്ട കൺസൾട്ടേഷൻ പേപ്പറിൽ സെബി നിർദേശിച്ച ഏഴ് മാനദണ്ഡങ്ങളിൽ ചെറിയ മാറ്റങ്ങളോടെയാകും പ്രാബല്യത്തിൽ കൊണ്ടുവരുന്നത്. വ്യവസായ പങ്കാളികളിൽനിന്ന് ലഭിച്ച പ്രതികരണം അനുസരിച്ചാകും ബോർഡ് യോഗത്തിന് മുമ്പായി വ്യവസ്ഥകളിൽ മാറ്റം വരുത്തുക.

ആറായിരത്തിലധികം സ്ഥാപനങ്ങളിൽനിന്നാണ് പ്രതികരണങ്ങൾ ലഭിച്ചത്. പൊതുജനങ്ങളിൽനിന്നുള്ള പ്രതികരണങ്ങളും തേടിയിരുന്നു. ഇതെല്ലാം പരിശോധിച്ചുവരികയാണെന്നും ഉചിതമായ തീരുമാനമെടുക്കുമെന്നും സെബി മേധാവി ബാധബി പുരി ബുച്ച് കഴിഞ്ഞയാഴ്ച വെളിപ്പെടുത്തിയിരുന്നു.




ഘട്ടംഘട്ടമായിട്ടായിരിക്കും നിർദേശങ്ങൾ നടപ്പാക്കുക. ഇടപാടുകാരുടെ യോഗ്യതാ മാനദണ്ഡവും പരിഷ്കരിക്കും. പ്രതിവാര ഓപ്ഷൻ കരാറുകൾ ഒരു എക്സ്ചേഞ്ചിന് ഒരു ഇൻഡക്സിൽ പരിമിതപ്പെടുത്തുക, ചുരുങ്ങിയ കരാർ തുക അഞ്ച് ലക്ഷം രൂപയിൽനിന്ന് 1520 ലക്ഷം രൂപയായി ഉയർത്തുക തുടങ്ങിയവ നിർദേശങ്ങളിലുണ്ട്. കരാർ നിലവിൽവന്ന് ആറു മാസത്തിന് ശേഷം ഇത് വീണ്ടും വർധിപ്പിക്കും.

സെബിയുടെ നിർദേശങ്ങൾക്ക് തത്വത്തിൽ അംഗീകാരമായിട്ടുണ്ടെങ്കിലും ചില കാര്യങ്ങളിൽ എക്സ്ചേഞ്ചുകൾ ആശങ്ക അറിയിച്ചതായി റിപ്പോർട്ടുകളുണ്ട്.

പ്രതിദിന ടേണോവർ 400 ലക്ഷം കോടി രൂപ കവിയുകയും ചെറുകിട നിക്ഷേപകർക്ക് കാര്യമായ നഷ്ടം സംഭവിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സാമ്പത്തിക വിദഗ്ധർ പ്രകടിപ്പിച്ച ആശങ്കകൾക്കിടെയാണ് സെബിയുടെ നീക്കമെന്നത് ശ്രദ്ധേയമാണ്.

നിർദേശങ്ങൾ നടപ്പാക്കിയാൽ സ്റ്റോക്ക് എക്സ്ചേഞ്ചുകളായ എൻഎസ്ഇയുടെയും ബിഎസ്ഇയുടെയും ലാഭത്തിൽ കുറവുണ്ടാകും. അതേസമയം, ഇക്കാര്യത്തിൽ സെബിയുമായി സഹകരിച്ച് പ്രവർത്തിക്കുമെന്ന് എൻഎസ്ഇയുടെ മാനേജിങ് ഡയറക്ടറും സിഇഒയുമായ ആശിഷ്കുമാർ ചൗഹാൻ വ്യക്തമാക്കിയിട്ടുണ്ട്.

സെബിയുടെ നിർദേശ പ്രകാരം എക്സ്ചേഞ്ചുകൾ ഓപ്ഷൻ സെഗ്മെന്റിലെ ഓഫറുകൾ കുറയ്ക്കേണ്ടിവരും. ആഴ്ചതോറുമുള്ള കരാറുകൾക്ക് ഒരൊറ്റ ബെഞ്ച്മാർക്ക് നിശ്ചയിക്കേണ്ടിവരും.

## 60 ചതുരശ്ര മീറ്ററിൽ താഴെയുള്ള എല്ലാവീടുകൾക്കും വസ്തുനികുതി ഒഴിവാക്കി



**തിരുവനന്തപുരം:** സംസ്ഥാനത്ത് 60 ചതുരശ്ര മീറ്ററിൽ താഴെ വിസ്തീർണമുള്ള വീടുകൾക്ക് യു എ നമ്പറാണെങ്കിലും വസ്തുനികുതി ഉണ്ടാകില്ല. ഇതു സംബന്ധിച്ച് ഉത്തരവായി. നിയമപരമല്ലാത്ത കെട്ടിടകൾക്ക് താൽക്കാലികമായി നൽകുന്നതാണ് യു എ നമ്പർ. യുഎ നമ്പറുള്ള കെട്ടിടങ്ങൾക്ക് നിലവിൽ മൂന്ന് ഇരട്ടി നികുതിയാണു ചുമത്തുന്നത്. ഇതുസംബന്ധിച്ച് നിരവധി പരാതികൾ തദ്ദേശ അദാലത്തിൽ ലഭിച്ചിരുന്നു.

അതേസമയം, 60 ച. മീറ്ററിൽ താഴെയുള്ള വീടുകളെ നികുതിയിൽ നിന്ന് കഴിഞ്ഞ വർഷം സർക്കാർ ഒഴിവാക്കിയിരുന്നു. പരാതികൾ ലഭിച്ച സാഹചര്യത്തിൽ ഈ ഇളവ് യു എ നമ്പർ ലഭിച്ച വീടുകൾക്കും ബാധകമാക്കാനാണ് ഉത്തരവിൽ നിർദേശം നൽകിയത്. ലൈഫ് ഭവന പദ്ധതി പ്രകാരം ലഭിച്ച വീടുകൾക്ക് യുഎ നമ്പറാണ് ലഭിക്കുന്നതെങ്കിൽ പോലും അവസാന ഗഡു അനുവദിക്കും. ഇതു സംബന്ധിച്ച പൊതു നിർദ്ദേശവും ഉത്തരവിൽ നൽകിയിട്ടുണ്ട്.

## രാജ്യത്ത് എംപോക്സ് ലക്ഷണങ്ങളോടെ ഒരാൾ ചികിത്സയിൽ, ആശങ്ക വേണ്ടെന്ന് കേന്ദ്ര സർക്കാർ



**ന്യൂഡൽഹി:** രാജ്യത്ത് ഒരാളെ എംപോക്സ് (മങ്കിപോക്സ്) ലക്ഷണങ്ങളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. എംപോക്സ് ബാധിച്ചെന്നു സംശയിക്കുന്ന യുവാവിനു രോഗം സ്ഥിരീകരിച്ചിട്ടില്ല. ആരോഗ്യ പ്രോട്ടോക്കോൾ പ്രകാരം നടപടി സ്വീകരിച്ചെന്നും ആശങ്ക വേണ്ടെന്നും കേന്ദ്ര സർക്കാർ വ്യക്തമാക്കി. രോഗം സ്ഥിരീകരിച്ചാൽ ഇന്ത്യയിലെ ആദ്യ എംപോക്സ് കേസായി ഇതു മാറും.

എംപോക്സ് റിപ്പോർട്ട് ചെയ്ത രാജ്യത്തുനിന്ന് എത്തിയ യുവാവിനു രോഗലക്ഷണങ്ങളുണ്ടെന്നു തിരിച്ചറിഞ്ഞിട്ടുണ്ട്. അസുഖമുണ്ടെന്ന സംശയത്താൽ രോഗിയെ ആശുപത്രിയിൽ ഐസലേറ്റ് ചെയ്തിരിക്കുകയാണ്. നിലവിൽ ആരോഗ്യസ്ഥിതി തൃപ്തികരമാണ്. എംപോക്സിന്റെ സാന്നിധ്യം സ്ഥിരീകരിക്കുന്നതിനായി സാംപിളുകൾ പരിശോധിക്കുന്നുണ്ട്. കേന്ദ്രം അറിയിച്ചു.

അനാവശ്യ ആശങ്ക വേണ്ടെന്നും ഇത്തരം ഒറ്റപ്പെട്ട കേസുകളെ നേരിടാൻ രാജ്യം സജ്ജമാണെന്നും ആരോഗ്യ മന്ത്രാലയം വ്യക്തമാക്കി. കഴിഞ്ഞ മാസം എംപോക്സിനെ രാജ്യാന്തര തലത്തിൽ ആശങ്കയുണ്ടാക്കുന്ന പൊതുജനാരോഗ്യ അടിയന്തരാവസ്ഥയായി ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചിരുന്നു.

2022 ജനുവരി മുതൽ 2024 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ 120ലേറെ രാജ്യങ്ങളിൽ എംപോക്സ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു ലക്ഷത്തിലേറെ പേർക്കു രോഗം സ്ഥിരീകരിച്ചു. ഇതിൽ 220ലേറെ മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ലോകാരോഗ്യ സംഘടന പറഞ്ഞു.



# സർക്കാർ ആശുപത്രികളിൽ ഷൂട്ടിങ്ങ് പൂർണമായി ഒഴിവാക്കണം:മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി:** അത്യാഹിത വിഭാഗം പോലെ 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനങ്ങളുള്ള ആശുപത്രികളിൽ സിനിമാ ഷൂട്ടിംഗ് പൂർണ്ണമായും ഒഴിവാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ.അങ്കമാലി താലൂക്ക് ആശുപത്രിയിൽ നടന്ന ഫഹദ് ഫാസിൽ സിനിമയുടെ ഷൂട്ടിങ്ങുമായി ബന്ധപ്പെട്ട് കമ്മീഷൻ അംഗം വി.കെ ബീനാകുമാരി രജിസ്റ്റർ ചെയ്ത കേസിലാണ് ഉത്തരവ്.

ഇത്തരം സംഭവങ്ങൾ ആവർത്തിക്കരുതെന്ന് അങ്കമാലി താലൂക്ക് ആശുപത്രി സൂപ്രണ്ടിന് കമ്മീഷൻ താക്കീത് നൽകി. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം ആരോഗ്യവകുപ്പ് ഡയറക്ടർ ആശുപത്രി സൂപ്രണ്ടിന് നൽകണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.ആശുപത്രി സൂപ്രണ്ട് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ ജൂൺ 27 ന് ഷൂട്ടിങ്ങ് തിരക്കിനിടയിലും രോഗികൾക്ക് പരിചരണം നൽകിയതായി പറയുന്നു. സർക്കാർ ആശുപത്രികൾ രോഗികളായ പൊതുജനങ്ങൾ ചികിത്സക്കെത്തുന്ന സ്ഥലമാണെന്ന് കമ്മീഷൻ ചൂണ്ടിക്കാണിച്ചു.

അവിടെ സിനിമാ ഷൂട്ടിങ്ങിന് അനുവാദം നൽകിയതു തന്നെ ആതുരസേവകർ എടുത്തിട്ടുള്ള പ്രതിജ്ഞക്ക് എതിരാണ്. ജൂൺ 27 ന് വൈകിട്ട് 6 ന് ഷൂട്ടിങ്ങ് സംഘം ആശുപത്രിയിലെത്തിയിട്ടുണ്ട്. അത്യാഹിത വിഭാഗത്തിൽ ശബ്ദായമാനമായ അന്തരീക്ഷം ദൃശ്യമാധ്യമങ്ങളിൽ കാണുകയുണ്ടായി. തിരക്കിൽ ആവശ്യമായ പരിചരണം ശ്രദ്ധയോടെയും ഏകാഗ്രതയോടെയും നൽകാനാവില്ല. സിനിമ ഷൂട്ടിങ്ങിന് സർക്കാർ ആശുപത്രി തിരഞ്ഞെടുത്തതിലും ഔചിത്യമില്ലായ്മയുണ്ട്. ആതുരസേവകർ ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പാലിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു.അങ്കമാലി താലൂക്ക് ആശുപത്രി സൂപ്രണ്ട് ജൂലൈ 5 ന് ആലുവയിൽ കമ്മീഷൻ നടത്തിയ സിറ്റിംഗിൽ ഹാജരായിരുന്നു. രോഗികൾക്ക് പ്രയാസമോ ചികിത്സാ നിഷേധമോ സംഭവിച്ചിട്ടില്ലെന്ന് സൂപ്രണ്ട് കമ്മീഷനെ അറിയിച്ചു.

ഇക്കാര്യത്തിൽ താൻ ആശുപത്രിയിലെ സി.സി.റ്റി.വി ദൃശ്യങ്ങൾ പരിശോധിച്ചതായി സൂപ്രണ്ട് അറിയിച്ചു. കയറുകെട്ടി വാഹനങ്ങൾ തടയുകയോ സഞ്ചാര തടസം സൃഷ്ടിക്കുകയോ ചെയ്തിട്ടില്ലെന്നും സൂപ്രണ്ട് അറിയിച്ചു.

എന്നാൽ സൂപ്രണ്ടിന്റെ വാദം കമ്മീഷൻ തള്ളി. അത്യാഹിതവിഭാഗം ഷൂട്ടിങ്ങിന് നൽകിയത് തെറ്റാണെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.



# പാവക്കുളത്ത് വിനായക ചതുർഥി ആഘോഷിച്ചു

**കൊച്ചി:**കലൂർ പാവക്കുളം ശ്രീ മഹാദേവക്ഷേത്രത്തിൽ വിനായക ചതുർഥിയോടനുബന്ധിച്ച് വിശേഷാൽ പൂജകളും അഷ്ടദ്രവ്യ മഹാഗണപതി ഹോമവും നടന്നു. ക്ഷേത്രം മേൽശാന്തി ബ്രഹ്മശ്രീ ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരിയുടെ കാർമികത്വത്തിൽ നടന്ന അഷ്ടദ്രവ്യ മഹാഗണപതി ഹോമത്തിൽ അനേകം ഭക്ത ജനങ്ങൾ പങ്കെടുത്തു. ഗണപതി ഹോമത്തിൽ പങ്കെടുത്ത ഭക്തർക്ക് പ്രസാദം നൽകി. ക്ഷേത്ര ക്ഷേമ സമിതി സെക്രട്ടറി വിനോദ് കാരോള്ളിൽ, പ്രസിഡന്റ് പങ്കജാക്ഷൻ .ടി മറ്റു ഭാരവാഹികൾ,കമ്മറ്റി അംഗങ്ങളും ചടങ്ങുകൾക്ക് നേതൃത്വം നൽകി.

# അമൃത ആശുപത്രിയിൽ എ ഐ ഇമേജിംഗ് മൊഡാലിറ്റി

**കൊച്ചി :** എഐ ഇമേജിംഗ് സംവിധാനമായ ഒപ്റ്റിസ് മൊബൈൽ നെക്സ്റ്റ് അൾട്രിയോൺ 2.0 അവതരിപ്പിച്ച് കൊച്ചി അമൃത ആശുപത്രി. കേരളത്തിലെ ആരോഗ്യ രംഗത്തെ സാങ്കേതികവിദ്യ വളർച്ചയിലെ സുപ്രധാനമായ ഒരു ചുവടുവെപ്പാണ് ഈ സംവിധാനമെന്ന് ആശുപത്രി അധികൃതർ വ്യക്തമാക്കിയ കൊറോണറി ബ്ലോക്കുകൾ കൂടുതൽ കൃത്യമായി കണ്ടെത്താനും, കൊറോണറി സ്റ്റെന്റിംഗ് നടപടിക്രമങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഡോക്ടർമാരെ സഹായിക്കും.ഹൃദയ സംബന്ധമായ അസുഖങ്ങളുടെ വേഗതയേറിയ രോഗനിർണയത്തിനും, വിശകലനത്തിനും , ഭാവി പ്രശ്നങ്ങൾ മുൻകൂട്ടി കണ്ടെത്താനും ഈ സംവിധാനം പ്രയോജനപ്രദമാകും.

ഏറ്റവും പുതിയ മെഡിക്കൽ സാങ്കേതികവിദ്യകളിലെ നിക്ഷേപത്തിലൂടെ ലോകോത്തര രോഗി പരിചരണം നൽകാനുള്ള അമൃത ഹോസ്പിറ്റലിന്റെ നിരന്തരമായ പ്രതിബദ്ധതയുടെ ഭാഗമാണ് ഈ മുന്നേറ്റം.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ ഹൃദയസംബന്ധമായ രോഗനിർണയത്തിൽ സംയോജിപ്പിച്ചുകൊണ്ട് കേരളത്തിലെ ആരോഗ്യസംരക്ഷണ മേഖലയിൽ ഒരു പുതിയ മാതൃക സൃഷ്ടിച്ചിരിക്കുകയാണ് അമൃത ആശുപത്രിയെന്നും ആശുപത്രി മാനേജ്മെന്റ് അറിയിച്ചു.



# കേരള പോലീസിന്റെ ഹോപ്പ് പദ്ധതിയ്ക്ക് തുടക്കം

**ആലുവ:** എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ വിജയത്തിലെത്താൻ സാധിക്കാത്ത കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ പിന്തുണ നൽകി വീണ്ടും പഠിപ്പിക്കുന്ന കേരള പോലീസിന്റെ പ്രൊജക്ട് ഹോപ്പ് പദ്ധതിയുടെ എറണാകുളം റൂറൽ ജില്ലയിലെ 20242025 വർഷത്തെ പ്രവർത്തനങ്ങൾക്ക് തുടക്കമായി. പുതിയതായി ഹോപ്പിലേക്ക് വന്ന കുട്ടികളെയും രക്ഷകർത്താക്കളെയും ഉൾപ്പെടുത്തി നടത്തിയ 'പ്രതീക്ഷോത്സവം2024 സോഷ്യൽ പോലീസിംഗ് ജില്ലാ നോഡൽ ഓഫീസർ അഡീഷണൽ എസ്.പി എം. കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പോലീസ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ സോഷ്യൽ പോലീസിംഗ് വിങ് കോർഡിനേറ്റർ പി.എസ് ഷാബു അധ്യക്ഷത വഹിച്ചു.

പ്രൊജക്റ്റ് ഹോപ്പ് കോർഡിനേറ്റർ വി.എസ് ഷിഹാബ് എടത്തല എംഇഎസ് ട്രെയിനിങ് കോളേജ് ഹോപ്പ് സെന്റർ കോർഡിനേറ്റർ ബി.എസ് സിന്ധു , പറവൂർ ലക്ഷ്മി കോളേജ് ഹോപ്പ് സെന്ററിലെ അധ്യാപകൻ സി യു രാജേഷ്, സോഷ്യൽ പോലീസ് ടീം അംഗം കെ.ആർ ബിജീഷ്, ഓമനക്കുഞ്ഞമ്മ, ഒ.ബി ലിസ്ന , സിമി, ആർഷമോൾ, ബിജു ബാലൻ തുടങ്ങിയവർ പ്രസംഗിച്ചു. പ്രൊജക്റ്റ് ഹോപ്പിന്റെ വിജയത്തിനായി പ്രവർത്തിക്കുന്ന അധ്യാപകർക്കും മെന്റേഴ്സായി പ്രവർത്തിക്കുന്ന എം.ഇ എസ് ട്രെയ്നിംഗ് കോളേജിലെ ബിഎഡ് വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റ് നൽകി ആദരിച്ചു. പത്തു വർഷത്തോളമായി കേരള പോലീസിന്റെ സ്റ്റുഡൻസ് പോലീസ് കേഡറ്റ് യൂണിറ്റിന്റെ ഭാഗമായി പ്രവർത്തിക്കുന്ന പോലീസുദ്യോഗസ്ഥരെയും ആദരിച്ചു. വിഎസ് സ്വാഗതം ആശംസിച്ചു. കഴിഞ്ഞ അധ്യയന വർഷം വിജയം കൈവരിച്ച 13 വിദ്യാർത്ഥികൾക്ക് മൊമെന്റോ വിതരണം ചെയ്തു.



# പുഷ്പകൃഷി വിളവെടുത്തു

**കോലഞ്ചേരി :**പൂതൃക്ക കൃഷിഭവൻ പരിധിയിലെ കർഷകൻ വടയമ്പാടി ഓലിക്കുഴിയിൽ ശ്രീ അജയകുമാർ കൃഷി ചെയ്ത ചെണ്ടുമല്ലി കൃഷിയുടെ വിളവെടുപ്പ് ഉദ്ഘാടനം പൂതൃക്ക ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ ടി പി വർഗീസ് നിർവഹിച്ചു.ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷൻ ശ്രീ മാത്യൂസ് കുമണ്ണൂർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഗ്രാമപഞ്ചായത്തംഗം ശ്രീ സി കെ രാജൻ,ശ്രീമതി നിഷ സജീവ്,കൃഷി ഓഫീസർ ഡോ അനുപമ കെ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ,റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു. പൂക്കളുടെ ആദ്യ വില്പനയും നിർവ്വഹിച്ചു. നാലാം ഓണം വരെയും പൂക്കളുടെ വിപണനം ഉണ്ടാവുന്നതാണ്.

പൂത്തൃക്ക കൃഷിഭവന്റെ ഈ വർഷത്തെ മികച്ച കർഷകനുള്ള അവാർഡ് നേടിയ കർഷകനാണ് ശ്രീ അജയകുമാർ .സ്റ്റേറ്റ് ഹോട്ടികൾച്ചർ മിഷൻ പദ്ധതിയുടെ ഭാഗമായിട്ടാണ് തൈകൾ സമയബന്ധിതമായി നൽകി വിളവെടുപ്പ് നടത്തിയത്. പൂത്തൃക്ക ഗ്രാമപഞ്ചായത്ത് കൃഷിഭവന്റെ പരിധിയിൽ ഈ വർഷം നാലോളം കർഷകർ ചെണ്ടുമല്ലി ക്കൃഷി വിജയകരമായി ചെയ്തിട്ടുണ്ട്.

# റേഷൻ സംവിധാനത്തിന്റെ ആധുനികവത്ക്കരണത്തിന് നടപടികൾ പുരോഗമിക്കുന്നു: മന്ത്രി

**മലപ്പുറം:** ഇന്ത്യക്കാകെ മാതൃകയാണ് സംസ്ഥാനത്തിന്റെ പൊതുവിതരണ സമ്പ്രദായമെന്നും റേഷൻ കടകളുടെ ആധുനികവത്കരണത്തിന് സർക്കാർ വിവിധങ്ങളായ നടപടികൾ സ്വീകരിച്ചുവരികയാണെന്നും ഭക്ഷ്യപൊതുവിതരണഉപഭോക്തൃകാര്യ വകുപ്പു മന്ത്രി ജി.ആർ അനിൽ വ്യക്തമാക്കി. രാജ്യത്ത് തന്നെ 100 ശതമാനവും ആധാറുമായി ബന്ധിച്ച പൊതുവിതരണ സമ്പ്രദായം കേരളത്തിലേത് മാത്രമാണ്. റേഷൻ കടകൾ വഴി ഗ്രാമീണ മേഖലകളിൽ ഉൾപ്പെടെ ലഭ്യമാക്കുകയാണ് സർക്കാർ ലക്ഷ്യം. പൊതുമേഖലാ സ്ഥാപനങ്ങളുടെയും എം.എസ്.എം.ഇ കളുടെയും ഉത്പന്നങ്ങളും പാചകവാതകം ഉൾപ്പെടെ റേഷൻ കടകളിൽ ലഭ്യമാവണം. മിനി കോമൺ സർവീസ് സെന്ററായി ഇവ മാറണം. ഈ ലക്ഷ്യത്തിലേക്കുള്ള കുതിപ്പിന്റെ ഭാഗമായി സംസ്ഥാനത്തെ കെ സ്റ്റോറുകളുടെ എണ്ണം ആയിരം കവിഞ്ഞതായി മന്ത്രി പറഞ്ഞു. മലപ്പുറം സിവിൽ സ്റ്റേഷനിൽ നിർമ്മാണം പൂർത്തിയാക്കിയ ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ പുതിയ ജില്ലാ ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

## സംസ്കൃത സർവകലാശാല എൻട്രികൾ ക്ഷണിച്ചു

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ ഇന്റർനെറ്റ് റേഡിയോ തുടങ്ങുന്നതിന്റെ ഭാഗമായി ലോഗോ, പേര്, ടാഗ്‌ലൈൻ എന്നിവയ്ക്കായി പൊതുജനങ്ങളിൽ നിന്നും എൻട്രികൾ ക്ഷണിച്ചു. തെരഞ്ഞെടുക്കപ്പെടുന്ന പേരിനും ടാഗ്‌ലൈനും 2500/രൂപ വീതവും ലോഗോയ്ക്ക് 5000/രൂപയും പ്രതിഫലമായി നൽകുമെന്ന് സർവ്വകലാശാല അറിയിച്ചു. എൻട്രികൾ പ്രത്യേകമായി അയയ്ക്കണം. കവറിന് മുകളിൽ എൻട്രി വിഭാഗമേതെന്ന് രേഖപ്പെടുത്തണം. എൻട്രികൾ ലഭിക്കേണ്ട അവസാന തീയതി ഒക്ടോബർ അഞ്ച്. വിലാസം: രജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി പി. ഒ., എറണാകുളം 683574.

## ഒന്നാം വർഷ ബി ടെക്: ഇൻഡക്ഷൻ പരിപാടികൾ ഇന്നുമുതൽ

**തിരുവനന്തപുരം:** സംസ്ഥാനത്തെ 142 എൻജിനീയറിംഗ് കോളേജുകളിലായി പ്രവേശനം നേടിയ ഒന്നാം വർഷ ബിടെക് വിദ്യാർത്ഥികളുടെ ഇൻഡക്ഷൻ പരിപാടി സെപ്റ്റംബർ 9 മുതൽ ആരംഭിക്കുമെന്ന് സാങ്കേതിക സർവകലാശാല അറിയിച്ചു. സാങ്കേതിക സർവകലാശാലയുടെ ഈ വർഷം മുതൽ നടപ്പിലാക്കുന്ന പരിഷ്‌ക്കരിച്ച ബി ടെക് പാഠ്യപദ്ധതിയിലെ ആദ്യ ബാച്ചും സർവകലാശാലയുടെ പത്താമത്തെ ബി ടെക് ബാച്ചുമാണിത്.

സെപ്റ്റംബർ 9 മുതൽ 13 വരെ അഞ്ച് ദിവസങ്ങളിലായി ഇൻഡക്ഷൻ പരിപാടികൾ നടത്തും. ഒന്നാം ദിവസത്തെ പരിപാടികൾ അതാത് കോളേജുകൾ സംഘടിപ്പിക്കും. ഇൻഡക്ഷൻ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം സെപ്റ്റംബർ 10 ന് തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിൽ വച്ച് നടക്കുന്ന നടക്കുന്ന ചടങ്ങിൽ ഉന്നത വിദ്യാഭ്യാസസാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം ചെയ്യും. കടകംപള്ളി സുരേന്ദ്രൻ അധ്യക്ഷനാകും. വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ്, സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവർ പങ്കെടുക്കും.

## ജി.സി.സിയിലും മലേഷ്യയിലും നോർക്ക ലീഗൽ കൺസൾട്ടന്റ്

**തിരുവനന്തപുരം:** സംസ്ഥാന സർക്കാർ സ്ഥാപനമായ നോർക്ക റൂട്ട്സിന്റെ പ്രവാസി നിയമസഹായ പദ്ധതിയിലേയ്ക്ക് കേരളീയരായ ലീഗൽ കൺസൾട്ടന്റുമാരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. സൗദി അറേബ്യ (ദമ്മാം, റിയാദ്, ജിദ്ദ), യുഎഇ (ഷാർജ), ഒമാൻ (മസ്കറ്റ്), ഖത്തർ (ദോഹ), മലേഷ്യ (ക്വാലാലംപൂർ), ബഹ്റൈൻ (മനാമ) എന്നിവിടങ്ങളിലാണ് ഒഴിവ്. അഭിഭാഷകനായി കേരളത്തിലും അപേക്ഷ നൽകുന്ന രാജ്യത്തും കുറഞ്ഞത് 2 വർഷം നിയമമേഖലയിൽ പ്രവൃത്തി പരിചയം വേണം. താൽപര്യമുള്ളവർ www.norkaroots.org സന്ദർശിച്ച് അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്യണം. പൂരിപ്പിച്ച അപേക്ഷയുടെ സ്കാൻ ചെയ്ത കോപ്പിയും മറ്റ് അനുബന്ധ രേഖകളുടെ പകർപ്പുകളും ceo.norka@kerala.gov.in ലേക്ക് 20 നകം അയയ്ക്കണം.

# അന്താരാഷ്ട്ര ഉന്നതവിദ്യാഭ്യാസ കോൺക്ലേവ് ഡിസംബർ 16 മുതൽ 20 വരെ

**കൊച്ചി:** സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ഉന്നതവിദ്യാഭ്യാസ കോൺക്ലേവ്, തിരുവനന്തപുരത്തും കൊച്ചിയിലുമായി ഡിസംബർ 16 മുതൽ 20 വരെ നടക്കും. ആദ്യ മൂന്ന് ദിവസങ്ങൾ തിരുവനന്തപുരത്തും, 19, 20 തീയതികളിൽ കൊച്ചിയിലുമായി വിവിധ വേദികളിലായാണ് കോൺക്ലേവ് നടക്കുന്നത്. അന്താരാഷ്ട്ര വ്യക്തികളും വിദ്യാഭ്യാസവിചക്ഷണരും പങ്കെടുക്കുന്ന ചർച്ചകളും എക്സിബിഷനുകളും പരിപാടികളുടെ ഭാഗമാകും. കോൺക്ലേവിന്റെ വേദികളിലൊന്ന് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയായിരിക്കുമെന്നും യോഗത്തിൽ തീരുമാനമായി.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ തൃക്കാക്കര ക്യാമ്പസ്സിൽ വച്ച് മന്ത്രി ആർ. ബിന്ദുവിന്റെ നേതൃത്വത്തിൽ നടന്ന കോൺക്ലേവിന്റെ ഏകോപനസമിതിയുടെ യോഗത്തിലാണ് ഈ തീരുമാനങ്ങളുണ്ടായത്.

സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി രാജൻ വർഗീസ്, ഡയറക്ടർ ഓഫ് ടെക്നിക്കൽ എജ്യുക്കേഷൻ ഡോ. ആശാലത, ശ്രീനാരായണ ഓപ്പൺ സർവകലാശാലയുടെ വൈസ് ചാൻസലർ ഡോ. ജഗതിരാജ് വി.പി, കുസാറ്റ് വിസി ഡോ പി ജി ശങ്കരൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# സൗജന്യ ഓണക്കിറ്റ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന്

**തിരുവനന്തപുരം:** ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ 6 ലക്ഷത്തോളം വരുന്ന എ.എ.വൈ (മഞ്ഞ) കാർഡുടമകൾക്കും വിവിധ ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരായ എൻ.പി.ഐ കാർഡുടമകൾക്കും വയനാട് ദുരന്തബാധിത മേഖലയിലെ എല്ലാ റേഷൻകാർഡ് ഉടമകൾക്കുമുള്ള സൗജന്യ ഓണക്കിറ്റ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ (09) രാവിലെ 8 മണിക്ക് തിരുവനന്തപുരം പേരൂർക്കട ബാപ്പുജി ഗ്രന്ഥശാല ഓഡിറ്റോറിയത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ നിർവഹിക്കും.

ഓണക്കിറ്റുകൾ സംസ്ഥാനത്തെ റേഷൻ കടകൾ വഴി നാളെ മുതൽ വിതരണം ആരംഭിക്കും. ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്ക് സെപ്റ്റംബർ 10 മുതൽ ഉദ്യോഗസ്ഥർ കിറ്റുകൾ നേരിട്ട് എത്തിക്കും. ക്ഷേമസ്ഥാപനങ്ങളിൽ താമസിക്കുന്നവരിൽ 4 പേർക്ക് ഒരു കിറ്റ് എന്ന രീതിയിലാണ് വിതരണം ചെയ്യുക. മുൻ വർഷങ്ങളിലേതുപോലെ സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടാണ് കിറ്റിലെ ഉൽപ്പന്നങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. ചെറുപയർ പരിപ്പ്, സേമിയ പായസം മിക്സ്, മിൽമ നെയ്യ്, കശുവണ്ടിപ്പരിപ്പ്, വെളിച്ചെണ്ണ, സാമ്പാർപൊടി, മുളക്പൊടി, മഞ്ഞൾപൊടി, മല്ലിപ്പൊടി, തേയില, ചെറുപയർ, തുവരപ്പരിപ്പ്, പൊടിയുപ്പ് എന്നീ ആവശ്യസാധനങ്ങളും തുണിസഞ്ചിയും ഉൾപ്പെടെ 14 ഇനങ്ങൾ ഉൾപ്പെട്ടതാണ് ഓണക്കിറ്റ്.



മുഖ്യമന്ത്രിയുടെ വയനാട് ദുരിതാശ്വാസ നിധിയിലേക്ക് കേരള റിട്ടയേഡ് ജഡ്ജസ് അസോസിയേഷൻ നൽകുന്ന 29,16,001 രൂപയുടെ ചെക്ക് പ്രസിഡന്റ് പി. കെ ലക്ഷ്മണൻ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു. ഇ. ബൈജു, കെ. ശശിധരൻ നായർ, കെ.എസ്. ശരത് ചന്ദ്രൻ, പി. എസ് ജോസഫ് എന്നിവർ സമീപം.

# റിട്ട. ജഡ്ജസ് അസോസിയേഷൻ വയനാട് ദുരിതാശ്വാസ നിധിയിലേക്ക് 29 ലക്ഷം നൽകി

**കൊച്ചി:** കേരള റിട്ടയേഡ് ജഡ്ജസ് അസോസിയേഷൻ മുഖ്യമന്ത്രിയുടെ വയനാട് ദുരിതാശ്വാസ നിധിയിലേക്ക് 29,16,001 രൂപ സംഭാവന നൽകി. കെ ആർ ജെ എ പ്രസിഡന്റ് പി. കെ ലക്ഷ്മണൻ, ജനറൽ സെക്രട്ടറി ഇ. ബൈജു, ട്രഷറർ പി. എസ് ജോസഫ്, സെക്രട്ടറി കെ. എസ് ശരത് ചന്ദ്രൻ, ഭരണസമിതി അംഗം കെ. ശശിധരൻ നായർ എന്നിവർ ചേർന്ന് മുഖ്യമന്ത്രി പിണറായി വിജയന് ചെക്ക് കൈമാറി.

## ഓണാഘോഷം തെരുവിന്റെ മക്കൾക്ക് ഓണക്കോടി നൽകി

**കൊച്ചി:** വിവിധ ക്രൈസ്തവ എക്യുമിനിക്കൽ സംഘടനകളുടെ സംയുക്ത ആഭിമുഖ്യത്തിൽ ഓണാഘോഷം വിപുലമായി സംഘടിപ്പിച്ചു. ഓണസദ്യയും തെരുവിൽ കഴിയുന്നവർക്ക് ഓണക്കോടിയും നൽകി ആക്റ്റ്സ് (അസംബ്ലീസ് ഓഫ് ക്രിസ്ത്യൻ ട്രസ്റ്റ് സർവ്വീസസ്) മേഖല പ്രസിഡന്റ് ജോസഫ് കോട്ടൂരാന്റെ അധ്യ ക്ഷതയിൽ ചേർന്ന ഓണാഘോഷം വൈ എം സി എ ഡയറക്ടർ ബോർഡ് അംഗം കുരുവിള മാത്യൂസ് ഉൽഘാടനം ചെയ്തു നാഷണൽ വൈ എം സി എ മിഷൻ ആന്റ് വിഷൻ ഇംപ്ലിമെന്റേഷൻ കമ്മറ്റി വൈസ് ചെയർമാൻ ഡാനിയേൽ സി ജോൺ വിവിധ സംഘടന ഭാരവാഹികളായ ജോസ് പി മാത്യു ,മാത്യൂസ്ഏബ്രഹാം ,മാറ്റോ തോമസ് ,അലക്സാണ്ടർ എം ഫിലിപ്പ് ,സന്തോഷ് തോമസ് കാനാടൻ ,സി ചാണ്ടി, ,ജോളി ചോലങ്കേരി , ജോർജ് അലക്സാണ്ടർ ,വി ജെ ഉമ്മൻ ജേക്കബ്ബ് ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു

## കുസാറ്റ്: ഇൻറഗ്രേറ്റഡ് എം.എസ്.സി കെമിസ്ട്രി പ്രോഗ്രാമിൽ സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ അപ്ലൈഡ് കെമിസ്ട്രി വകുപ്പിൽ ഇൻറഗ്രേറ്റഡ് എം.എസ്.സി കെമിസ്ട്രി പ്രോഗ്രാമിൽ ജനറൽ ഉൾപ്പടെ വിവിധ വിഭാഗങ്ങളിലായി ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്റ്റംബർ 11 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ക്യാറ്റ് റാങ്ക് ലിസ്റ്റിലുള്ളവർക്ക് പങ്കെടുക്കാം. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 9.30 നും 10.30 നും ഇടയിൽ അപ്ലൈഡ് കെമിസ്ട്രി വകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്, 04842575804 നമ്പറിലോ www.admissions.cusat.ac.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ പ്രൊഫ . എൻ ആർ മാധവമേനോൻ ഇന്റർ ഡിസിപ്ലിനറി സെന്റർ നടത്തുന്ന അഞ്ചുവർഷ ബിരുദ പ്രോഗ്രാമായ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് എൽ.എൽ.ബി (ഹോണേഴ്സ്) പ്രോഗ്രാമിൽ വിവിധ വിഭാഗങ്ങളിലായി (ജനറൽ11, എസ്.സി1,എസ്.ടി1) ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ 10 ന് നടത്തുന്നു. താല്പര്യമുള്ളവർ രാവിലെ 9.30 ന് ഓഫീസിൽ റിപ്പോർട് ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 8078019688 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ബി.ടെക്ക് പ്രോഗ്രാമുകളിൽ എസ്.സി/എസ്.ടി വിഭാഗക്കാർക്കായി ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്റ്റംബർ 11 ന് സ്പെഷ്യൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നു. രജിസ്ട്രേഷൻ സമയം രാവിലെ 9.00 മുതൽ 10.00 വരെ. ക്യാറ്റ് റാങ്കിൽ ഉൾപ്പെട്ടവർക്ക് പങ്കെടുക്കാം. താൽപര്യമുള്ള വിദ്യാർത്ഥികൾ കുസാറ്റിലെ യൂണിവേഴ്സിറ്റി സെമിനാർ കോംപ്ലെക്സിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. സ്പെഷ്യൽ സ്പോട്ടിനു ശേഷവും എസ്.സി/എസ്.ടി വിഭാഗത്തിൽ സീറ്റുകൾ ബാക്കിയുണ്ടെങ്കിൽ ക്യാറ്റ് റാങ്ക് ലിസ്റ്റിൽ ഇല്ലാത്ത എസ്.സി/എസ്.ടി വിഭാഗത്തിൽ ഉൾപ്പെട്ട നിശ്ചിത യോഗ്യതയുള്ളവരെ പരിഗണിക്കും. അതിലേക്കായി ഗൂഗിൾ ഫോം വഴി രജിസ്റ്റർ ചെയ്ത് സെപ്റ്റംബർ 11 ന്, രാവിലെ 11.00 ന് സെമിനാർ കോംപ്ലെക്സിൽ ഹാജരാകണം. റാങ്ക് ലിസ്റ്റിന് പുറത്തുള്ള എസ്.സി/എസ്.ടി വിഭാഗക്കാരെ പരിഗണിച്ച ശേഷം ഒഴിവുകൾ ബാക്കിയുണ്ടെങ്കിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഒ.ഇ.സി(എസ്.സി)/ഒ.ഇ.സി(എസ്.ടി) വിഭാഗക്കാരെ പരിഗണിക്കും.അതിലേക്കായി രാവിലെ 11.30 ന് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്, www.admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 0484 2577100 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.



# മെഡിക്കൽ റെറ്റിന സമ്മേളനം

**കൊച്ചി:** നേത്രരോഗ ചികിത്സാ ശാഖയായ മെഡിക്കൽ റെറ്റിനയിലെ അതിനൂതന ശാസ്ത്ര സാങ്കേതിക മുന്നേറ്റങ്ങൾ ചർച്ച ചെയ്യുന്ന ദ്വിദിന ശാസ്ത്ര സമ്മേളനം കൊച്ചി ഹോട്ടൽ ഗ്രാൻഡ് ഹയാത്തിൽ നടന്നു.

ഗിരിധർ ഐ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ കേരള സൊസൈറ്റി ഓഫ് ഒഫ്താൽമിക് സർജൻസ്, കൊച്ചിൻ ഒഫ്താൽമിക് ക്ലബ്ബ്, എസ്എസ്എം ഐ റിസർച്ച് ഫൗണ്ടേഷൻ എന്നീ സംഘടനകളുടെ പിന്തുണയോടെയാണ് സമ്മേളനം നടന്നത്. കേരള സൊസൈറ്റി ഓഫ് ഒഫ്താൽമിക് സർജൻസ് പ്രസിഡന്റ് ഡോ.തോമസ് ചെറിയാൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. മൂന്നര കോടി ജനസംഖ്യയ്ക്ക് നൂറിൽ താഴെ റെറ്റിന സ്പെഷ്യലിസ്റ്റുകളെ ഇന്ന് സംസ്ഥാനത്ത് ഉള്ളൂ. നേരത്തെയുള്ള രോഗനിർണയത്തിന് ഈ അവസ്ഥ ഒരു തടസ്സമാണ്. കൂടുതൽ പരിശീലനം നേടിയ റെറ്റിന സ്പെഷ്യലിസ്റ്റുകൾ സംസ്ഥാനത്തിന് ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

മെഡിക്കൽ റെറ്റിനയിലെ പുരോഗതിക്കൊപ്പം തുടർ വിദ്യാഭ്യാസവും സുപ്രധാനമാണെന്ന് ഗിരിധർ ഐ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എ. ഗിരിധർ പറഞ്ഞു. പ്രമേഹം, ആയുർദൈർഘ്യം, ശിശുക്കളുടെ അകാല ജനനം തുടങ്ങിയവ കാരണം പ്രതിരോധിക്കാവുന്ന അന്ധതയ്ക്ക് കാരണമാവുന്ന റെറ്റിന രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യമുണ്ടെന്ന് ഗിരിധർ ഐ ഇൻസ്റ്റിറ്റ്യൂട്ടിലെ വിട്രിയോറെറ്റിനൽ സർവീസസ് മേധാവി ഡോ. മഹേഷ് ജി പറഞ്ഞു. ഡോ.സിജു ജോസ്, ഡോ.ജ്യോതി പ്രകാശ് വ്യാസ് എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ചു.

ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ഡോ.ജോഗി ജോസഫിനും എസ്.എസ്.എം ഒറേഷൻ അവാർഡ് ഡോ.പി.മഹേഷ് ഷൺമുഖത്തിനും സമ്മാനിച്ചു.ലേസർ ചികിത്സകൾ, ഇൻട്രാവിട്രിയൽ കുത്തിവയ്പ്പുകൾ, ഡയബറ്റിക് റെറ്റിനോപ്പതി, പ്രായമായവരിലെ മാക്യുലർ ഡീജനറേഷൻ, അകാലത്തിലെ റെറ്റിനോപ്പതി എന്നിവയുൾപ്പെടെയുള്ള റെറ്റിന പ്രശ്നങ്ങൾ പരിഹരിക്കുന്ന വർക്ക്ഷോപ്പുകളും ശാസ്ത്ര സെഷനുകളും നടക്കുന്നുണ്ട്. മൈക്രോപൾസ് ലേസറുകൾ, ഇൻട്രാവിട്രിയൽ മരുന്നുകൾ എന്നിവയുൾപ്പെടെയുള്ള പുതിയ സാങ്കേതികവിദ്യകളും ചികിത്സാരീതികളും സമ്മേളനം ചർച്ച ചെയ്തു.റെറ്റിനൽ വിദഗ്ധരായ ഡോ. കെന്നത്ത് ഫോങ് (മലേഷ്യ),ഡോ.മഹേഷ് ഷൺമുഖം (ബാംഗ്ളൂർ ),ഡോ. ദിനേഷ് തൽവാർ,ഡോ. വിനോദ് കുമാർ (ന്യൂഡൽഹി);ഡോ. രാജീവ് രാമൻ (ചെന്നൈ),ഡോ. അജോയ് വിൻസെന്റ് (കാനഡ ) ഡോ. ജോർജ് മനയത്ത്(കോയമ്പത്തൂർ); ഡോ. ശോഭ ശിവപ്രസാദ് (ലണ്ടൻ), ഡോ. നോമി ലോയിസ് (യുകെ), ഡോ. ആർജിറിയോസ് ക്രോനോപൗലോസ് (ജർമ്മനി),ഡോ. കെൽവിൻ ടിയോ (സിംഗപ്പൂർ),ഡോ. വിഘ്നേഷ് ടി.പി (മധുര), ഗിരിധർ ഐ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ധർ തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. നൂറിലധികം റെറ്റിനോളജിസ്റ്റുകൾ സമ്മേളനത്തിൽ പങ്കെടുത്തു.

# വ്യാപാരി വ്യവസായി ഏകോപന സമിതി അത്തച്ചമയ ഘോഷയാത്രയും ഓണാഘോഷവും




**കോലഞ്ചേരി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി കോലഞ്ചേരി യൂണിറ്റ് ഓണാഘോഷത്തിന് തുടക്കംകുറിച്ച് അത്തച്ചമയ ഘോഷയാത്രയും ഓണാഘോഷവും നടത്തി. വാദ്യമേളങ്ങളുടേയും കലാരൂപങ്ങളുടേയും അകമ്പടിയോടെയുള്ള ഘോഷയാത്ര പുത്തൻകുരിശ് ഡിവൈഎസ്പി വി.ടി. ഷാജൻ ഫ്ളാഗ് ഓഫ് ചെയ്തു. കെവിവിഇഎസ് യൂണിറ്റ് പ്രസിഡന്റ് എം.ഐ. ബാബുവിന്റെ അധ്യക്ഷതയിൽ ചേർന്ന സാംസ്കാരിക സമ്മേളനം ബെന്നി ബഹനാൻ എംപി ഉദ്ഘാടനം ചെയ്തു.ജില്ലാ പ്രസിഡന്റ് പി.സി. ജേക്കബ് ഓണസന്ദേശം നൽകി. പൂതൃക്ക പഞ്ചായത്ത് പ്രസിഡന്റ് ടി.പി. വർഗീസ്, എ.ജെ. റിയാസ്, സി.എസ്. അജ്മൽ, ജിമ്മി ചക്കിയത്ത്, ഇ.പി. സുനിൽകുമാർ, ജിജി ഏളൂർ, യൂണിറ്റ് ജനൽ സെക്രട്ടറി ടെൻസിങ് ജോർജ്, സോണി ആന്റണി, റെജി പോൾ, ടി.പി അസൈനാർ, ബാബു കുരുത്തോല, വനിത വിങ് പ്രസിഡന്റ് റെജി രാജൻ, യൂത്ത്വിങ് പ്രസിഡന്റ് അബൂബക്കർ മൻസൂർ തുടങ്ങിയവർ പ്രസംഗിച്ചു.അത്തച്ചമയ ഘോഷയാത്രയ്ക്ക് യൂണിറ്റ് വൈസ് പ്രസിഡന്റുമാരായ ടി.കെ. സൈമൺ, സജി കെ. ഏലിയാസ്, മിനി എൽദോ, സെക്രട്ടറിമാരായ ജയിൻ മാത്യു, പി.എം. വിപിൻ, എം.കെ. സണ്ണി, സക്കറിയ മർക്കോസ്, യൂത്ത് വിങ് ജനറൽ സെക്രട്ടറി തോമസ് എളൂർ, ട്രഷറർ നവീൻ സജി, കോഓർഡിനേറ്റർ എം.വി. പ്രമോദ്, വനിത വിങ് സെക്രട്ടറി ജാൻസി ജോർജ്, ട്രഷറർ മിലി ബൈജു തുടങ്ങിയവർ നേതൃത്വം നൽകി. നഗരത്തിൽ 57 അടി ചുണ്ടൻവള്ളത്തിൽ ഒരുക്കിയിട്ടുള്ള സെൽഫി പോയിന്റിന്റെ ഉദ്ഘാടനം പി.വി. ശ്രീനിജിൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. സെൽഫി പോയിന്റിൽ നിന്ന് സെൽഫി എടുത്ത് അയച്ചുകൊടുക്കുന്നവരിൽ തെരഞ്ഞെടുക്കപ്പെടുന്ന ഭാഗ്യശാലിക്ക് പ്രത്യേക സമ്മാനവും സംഘാടകർ ഒരുക്കിയിട്ടുണ്ട്.




# കെസിബിസി ഓൾ കേരള പ്രൊഫഷണൽ നാടക മേള

**കൊച്ചി:** 35 ആമത് കെസിബിസി ഓൾ കേരള പ്രൊഫഷണൽ നാടക മത്സരങ്ങളുടെ തീയതി തീരുമാനിച്ചു. സെപ്റ്റംബർ 23 മുതൽ 30 വരെയാണ് നാടകമേള.

സെപ്റ്റംബർ 23, 5.30 പിഎം ന് ഉദ്ഘടനം തുടർന്ന് 6.00 പിഎം ന് കാളിദാസ കലാകേന്ദ്രയുടെ അച്ഛൻ, സെപ്റ്റംബർ 24 ന് അമ്പലപ്പുഴ അക്ഷരജ്വാലയുടെ 'അനന്തരം', സെപ്റ്റംബർ 25 ന് കോഴിക്കോട് സങ്കീർത്തനയുടെ വെളിച്ചം, സെപ്റ്റംബർ 26ന് ആലപ്പുഴ സൂര്യകാന്തിയുടെ കല്യാണം, സെപ്റ്റംബർ 27 ന് കൊല്ലം അനശ്വരയുടെ അന്നാ ഗാരേജ്, സെപ്റ്റംബർ 28 ന് തിരുവനന്തപുരം സാഹിതിയുടെ മുച്ചീട്ടു കളിക്കാരന്റെ മകൾ, സെപ്റ്റംബർ 29 ന് കൊച്ചിൻ ചന്ദ്രകാന്തിയുടെ ഉത്തമ സങ്കീർത്തനം എന്നീ നാടകങ്ങൾ മത്സരയിനത്തിൽ അവതരിപ്പിക്കും. സെപ്റ്റംബർ 30 ന് സമ്മാനദാനം, പ്രദർശന നാടകം പത്തനാപുരം ഗാന്ധിഭവൻ തീയേറ്റർ ഇന്ത്യയുടെ യാത്ര.

നാടകമേളയുടെ പ്രവേശനപാസ്സ് കെസിബിസി മീഡിയ കമ്മീഷൻ ഓഫീസിൽ ലഭ്യമാണ്. ഓഫീസ് നമ്പർ 8281054656.

# ഓണം വിപണി : ലീഗൽ മെട്രോളജി വകുപ്പിന്റെ പരിശോധന സ്ക്വാഡുകൾ പ്രവർത്തനം തുടങ്ങി

**തൊടുപുഴ:** ഓണത്തോടനുബന്ധിച്ച് പൊതുവിപണിയിലെ ക്രമക്കേടുകൾ നിയന്ത്രിക്കുന്നതിനായി ലീഗൽ മെട്രോളജി വകുപ്പിന്റെ സ്ക്വാഡുകൾ പ്രവർത്തനം തുടങ്ങി. ജില്ലയിലെ ഡെപ്യൂട്ടി കൺട്രോളർമാരായ മേരി ഫാൻസി പി.എക്സ്, ഉദയൻ കെ.കെ എന്നിവരുടെ നേതൃത്വത്തിലാണ് പ്രത്യേക പരിശോധന സ്ക്വാഡുകൾ രൂപികരിച്ചിട്ടുള്ളത്. മുദ്രപതിപ്പിക്കാത്ത അളവ് തൂക്ക ഉപകരണങ്ങൾ ഉപയോഗിക്കുക, പായ്ക്ക് ചെയ്ത ഉത്പന്നങ്ങളിൽ നിയമപ്രകാരമുള്ള വിവരങ്ങൾ ഇല്ലാതെ വില്പന നടത്തുക, അളവിലും തൂക്കത്തിലും കുറവ് വരുത്തുക, പരമാവധി വില്പന വിലയേക്കാൾ കൂടിയ വില ഈടാക്കുക തുടങ്ങിയ ക്രമക്കേടുകൾ കണ്ടെത്തിയാൽ നിയമ നടപടി സ്വീകരിക്കും.

ഇന്ധന പമ്പുകളിലെ അളവ് സംബന്ധിച്ചും പരിശോധനകൾ നടത്തും. വിതരണം നടത്തുന്ന ഇന്ധനത്തിന്റെ അളവ് സംബന്ധിച്ച് സംശയം തോന്നുന്നപക്ഷം പമ്പുകളിൽ സൂക്ഷിച്ചിരിക്കുന്ന ലീഗൽ മെട്രോളജി വകുപ്പ് മുദ്ര ചെയ്ത 5 ലിറ്റർ അളവ്പാത്രം ഉപയോഗിച്ച് അളവ് ബോധ്യപ്പെടുത്തുവാൻ ആവശ്യപ്പെടാം.

ഉപഭോക്താക്കള്ക്ക് പരാതി അറിയിക്കുന്നതിനായി ഹെൽപ് ഡെസ്കിൽ ബന്ധപ്പെടാവുന്നതാണ്. സുതാര്യം മൊബൈൽ ആപ്പ് മുഖേനയും പരാതി അറിയിക്കാം. താലൂക്കുകളിൽ ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിലും പരിശോധന സ്ക്വാഡുകൾ പ്രവർത്തിക്കും.

# റിയലൈൻ പ്രോപർട്ടീസിന് ഒരു കോടി രൂപ പിഴ

**തിരുവനന്തപുരം:** കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യാതെ 22 ഏക്കറോളം ഭൂമിയിൽ ടൗൺഷിപ്പ് വികസിപ്പിച്ച് വില്ല, അപാർട്ട്മെന്റ് യൂണിറ്റുകൾ വില്ക്കുന്ന 'റിയലൈൻ പ്രോപർട്ടീസ്' എന്ന പ്രൊമോട്ടർക്ക് അതോറിറ്റി ഒരു കോടി രൂപ പിഴ വിധിച്ചു. കോഴിക്കോട് പന്തീരാങ്കാവ് പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ ലൈഫ് ലൈൻ ഗ്രീൻ സിറ്റി എന്ന പേരിൽ വില്ല, അപാർട്ട്മെന്റ് പദ്ധതികൾ സമൂഹമാധ്യമങ്ങളിലും പ്രൊമോട്ടറുടെ വെബ്സൈറ്റിലും വില്പനയ്ക്കായി പരസ്യപ്പെടുത്തി വരികയായിരുന്നു. ജൂലൈയിൽ പ്രൊമോട്ടർക്ക് കെറേറ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആഗസ്റ്റ് 16ന് നടന്ന വാദങ്ങൾക്കു ശേഷമാണ് പിഴ വിധിച്ചത്. ഉത്തരവു കൈപ്പറ്റി മുപ്പതു ദിവസത്തിനകം പദ്ധതി റെറയിൽ രജിസ്റ്റർ ചെയ്യാനും വിധിച്ചു. റെറ നിയമം ലംഘിച്ച് വികസന പ്രവൃത്തികൾ നടക്കുന്ന സാഹചര്യത്തിൽ പെരുമണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ടൗൺഷിപ്പിൽ നടക്കുന്ന എല്ലാ നിർമാണ പ്രവർത്തനങ്ങളും സ്റ്റോപ്പ് മെമ്മോ നൽകാനും കോഴിക്കോട് ജില്ല രജിസ്ട്രാറോട് ബന്ധപ്പെട്ട് നടക്കുന്ന കരാർ, ആധാര രജിസ്ട്രേഷനുകൾ നിർത്തി വയ്ക്കാനും അതോറിറ്റി നിർദ്ദേശിച്ചു.

# വരൾച്ചയും മഴയും വന്യമൃഗശല്യവും വാഴക്കൃഷി താളംതെറ്റിച്ചു; ഇക്കുറി ഓണത്തിന് വയനാടൻ കായയില്ല

നാടും നാട്ടാരും ഓണത്തിനൊരുങ്ങി. എണ്ണയിൽ തിളച്ചുമറിഞ്ഞ് വറത്തുകോരുന്ന നേന്ത്രക്കായ വറത്തതും ശർക്കരവരട്ടിയുമില്ലാതെ എന്തോണം. എന്നാൽ, ഇക്കുറി വയനാടൻ നേന്ത്രക്കായയുടെ രുചിപ്പെരുമയുള്ള ശർക്കരവരട്ടിയും കായവറത്തതും ഉണ്ടാവില്ല. ഒന്നരമാസമായി വയനാട്ടിൽ നിന്നുള്ള വാഴക്കുലകൾ വിപണിയിലെത്തുന്നില്ല. വരൾച്ചയും മഴയും വന്യമൃഗശല്യവുമായി ആകെ താളംതെറ്റിയിരിക്കുകയാണ് വയനാട്ടിലെ വാഴക്കൃഷി. ഓണവിപണിയിലേക്ക് ആവശ്യമായ നേന്ത്രക്കായകൾ തമിഴ്നാട്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നാണ് വരുന്നത്.



ഓണവിപണിയിൽ പ്രതീക്ഷയർപ്പിച്ച് കൃഷിയിറക്കിയ വയനാട്ടിലെ കർഷകർക്ക് ഉദ്ദേശിച്ച രീതിയിൽ വിളവ് കിട്ടാതെ വന്നതാണ് പ്രതിസന്ധിയായത്. മിക്കയിടത്തും അതിതീവ്രമഴയിൽ കൃഷി നശിച്ചു. കഴിഞ്ഞ ഒന്നര മാസമായി വയനാട്ടിലെ വാഴക്കുലകൾ വിപണിയിലെത്തുന്നില്ലെന്ന് കല്പറ്റയിലെ മൊത്തവ്യാപാരിയായ കെ.എ.കെ. ബനാനയിലെ കെ.എ. അബ്ദുൾ കരീം പറഞ്ഞു. സാധാരണപോലെയൊരു ഓണവിപണി ഇക്കുറി പ്രതീക്ഷിക്കുന്നില്ലെന്നും കരീം പറഞ്ഞു.

ഇപ്പോൾ നേന്ത്രക്കായ കിലോയ്ക്ക് 22 രൂപ മുതൽ 24 രൂപ വരെയാണ് കർഷകർക്ക് ലഭിക്കുന്നത്. കഴിഞ്ഞവർഷം ഇതിന്റെ ഇരട്ടിയോളം വിലയുണ്ടായിരുന്നു. അതേസമയം, ഇപ്പോഴും കായവറത്തതിന് നല്ല വിലയുമുണ്ട്. കിലോയ്ക്ക് 300 രൂപയും ശർക്കര വരട്ടി കിലോയ്ക്ക് 260 രൂപയുമാണ് വില. നാടൻകായയുടെ ലഭ്യത കുറഞ്ഞിട്ടും ആനുപാതികമായി വിപണിയിൽ വില ഉയരുന്നില്ല. സാധാരണ ലഭ്യത കുറഞ്ഞാൽ വയനാടൻ വാഴക്കുലയുടെ വില ഉയരേണ്ടതാണ്. പക്ഷേ, അയൽസംസ്ഥാനങ്ങളിൽ നിന്ന് ആവശ്യത്തിന് വാഴക്കുലകളെത്തുന്നത് വിപണിവിലയെ പിടിച്ചുനിർത്തുന്നു. വാഴക്കുലയുടെ താങ്ങുവില 30 രൂപയാക്കി ഉയർത്തണമെന്നാണ് കർഷകർ ആവശ്യപ്പെടുന്നത്.

മുൻവർഷങ്ങളെ അപേക്ഷിച്ച് ഇത്തവണ ജില്ലയിൽ വേനൽമഴ കുറവായിരുന്നെങ്കിലും പെയ്തമഴ ശക്തമായിരുന്നു. ജൂൺ, ജൂലായ് മാസങ്ങളിലെ കനത്ത മഴയും ശക്തമായ കാറ്റും കാരണം വാഴക്കർഷകർ കണ്ണീരിലായി. ജില്ലയിലെ പല വാഴത്തോട്ടങ്ങളും നശിച്ചു.

കാലവർഷക്കെടുതിയിൽ 18.6 ഹെക്ടർ വാഴക്കൃഷിയാണ് നശിച്ചത്. 200ഓളം കർഷകരുടെ 46,000ത്തോളം വാഴകൾ മഴക്കെടുതിയിൽ നിലംപൊത്തിയെന്നാണ് കൃഷിവകുപ്പിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. 45.687 ലക്ഷം രൂപയുടെ നാശനഷ്ടമാണ് ഈയിനത്തിൽ കണക്കാക്കിയിട്ടുള്ളത്. മാനന്തവാടി ബ്ലോക്കിലാണ് ഏറ്റവും കൂടുതൽ വാഴക്കൃഷി നശിച്ചത്. 11.5 ഹെക്ടർ വാഴക്കൃഷിയാണ് ഇവിടെ നഷ്ടമായത്.

മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടലിൽ ഏകദേശം 10 ഹെക്ടർ വാഴക്കൃഷി നശിച്ചെന്നാണ് കൃഷിവകുപ്പ് കണക്കാക്കുന്നത്. ഓണക്കാലത്തോടനുബന്ധിച്ച് വിളവെടുപ്പ് പ്രതീക്ഷിച്ച കർഷകർക്ക് പ്രകൃതിദുരന്തം കനത്ത പ്രഹരമാണ് ഏൽപ്പിച്ചത്. കാലാവസ്ഥ പ്രതികൂലമാകുന്നതിനൊപ്പം വന്യമൃഗശല്യവും കർഷകർക്ക് തിരിച്ചടിയാണ്.

കാട്ടുപോത്ത്, കുരങ്ങ്, പന്നി, കാട്ടാന എന്നിവയുടെ ശല്യം വാഴക്കർഷകരെ പ്രതിസന്ധിയിലാക്കുന്നുണ്ട്.

വനാതിർത്തിയോടു ചേർന്ന് കൃഷിചെയ്യുന്നവർക്ക് വന്യമൃഗശല്യം രൂക്ഷമാണ്. ഇത് തടയാനായി ഫെൻസിങ് സർക്കാർ ഏർപ്പാടാക്കണമെന്നാണ് കർഷകരുടെ ആവശ്യം.

# ക്ഷീര കർഷകന് കൈത്താങ്ങായി 'ഗോസമൃദ്ധി' സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി

കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് സന്തോഷിക്കാൻ 'ഗോസമൃദ്ധി'. പദ്ധതിയിൽ അംഗമാകുന്ന ക്ഷീര കർഷകന് അപകടമരണമോ, പൂർണമോ ഭാഗികമോ ആയി അംഗവൈകല്യമോ സംഭവിച്ചാലും അവരുടെ കാലികൾ മരണമടഞ്ഞാലും അവർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കാൻകൂടിയുള്ള സമഗ്ര കന്നുകാലി ഇൻഷുറൻസാണിത്.

17082024 തീയതിയിലെ സർക്കാർ ഉത്തരവ് 71/2024 നമ്പർ പ്രകാരം സംസ്ഥാന ഇൻഷുറൻസ് വകുപ്പും യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയും മൃഗസംരക്ഷണ വകുപ്പുമായി ചേർന്നാണ് ഇത് നടപ്പാക്കുന്നത്.



കന്നുകാലി ഇൻഷുറൻസ് പരിരക്ഷ തുക 65,000 രൂപയാണ്. ഒരു കൊല്ലത്തേക്ക് 2912 രൂപയാണ് പ്രീമിയം തുക (4.48 ശതമാനം). ഇതിന്റെ പകുതി 1456 രൂപയാണ് ജനറൽ വിഭാഗത്തിലുള്ള കർഷകർ അടയ്ക്കേണ്ടുന്ന പ്രീമിയം. മൂന്ന് വർഷത്തേക്ക് 7137 രൂപയാണ് (10.98 ശതമാനം) പ്രീമിയം തുക. കർഷകർ അടയ്ക്കേണ്ടത് ഇതിന്റെ 50 ശതമാനമായ 3569 രൂപയാണ്. പട്ടിക ജാതിവർഗ വിഭാഗത്തിൽ പെട്ടവർക്ക് മൊത്തം പ്രീമിയത്തിന്റെ 30 ശതമാനമായ 874 രൂപ (ഒരു കൊല്ലത്തേക്ക്), 2141 രൂപ (മൂന്ന് വർഷത്തേക്ക് ) അടച്ചാൽ മതി.

കന്നുകാലികളുടെ ഉടമസ്ഥർക്കും ഇൻഷുറൻസ് പരിരക്ഷ ഉണ്ടായിരിക്കും. ഒരു ലക്ഷത്തിന് 20 രൂപ എന്ന തോതിലാണ് ഇതിന് പ്രീമിയം അധികം അടയ്ക്കേണ്ടത്. പരമാവധി അഞ്ച് ലക്ഷം രൂപ വരെ തുകയ്ക്ക് കന്നുകാലി ഉടമസ്ഥർക്കും ഇൻഷുർ ചെയ്യാം. ഇത് മൃഗസംരക്ഷണ വകുപ്പ് കർഷകർക്കുവേണ്ടി നേരിട്ട് നടത്തുന്ന ഇൻഷുറൻസ് പദ്ധതിയാണ്.

കൂടുതൽ വിവരങ്ങൾ മൃഗാശുപത്രികളിൽനിന്നും ജില്ലാ മൃഗസംരക്ഷണ ഓഫീസുകളിൽ നിന്നും ലഭിക്കുന്നതാണ്.

# ഡ്രാഗൺ ഫ്രൂട്ട് കൃഷിക്ക് തയ്യാറെടുക്കുമ്പോൾ



ഉഷ്ണമേഖലാ പ്രദേശമായ നമ്മുടെ നാട്ടിൽ ഡ്രാഗൺ ഫ്രൂട്ട് നന്നായി വളരും. നല്ല ഉൽപ്പാദനം തരും. ഒരു മീറ്ററെങ്കിലും നീളമുള്ള തണ്ടുകൾ നടാൻ തെരഞ്ഞെടുക്കാം. തീരെ ചെറിയ തണ്ടിൽനിന്ന് മുളച്ചുവരുന്ന തൈകൾ പടർന്നുകയറാൻ കാലതാമസമുണ്ടാകും. തൈകൾ തമ്മിൽ 3 മീറ്റർ അകലം വേണം. തൈകൾ പടർത്തുന്നതിന് കോൺക്രീറ്റ് തൂണുകൾ, മരക്കാലുകൾ എന്നിവ ഉപയോഗിക്കാം.

**വളപ്രയോഗം**

ചാണകപ്പൊടിയും കോഴികാഷ്ഠവും 3 കിലോഗ്രാം വീതം ചേർത്ത് അരകിലോഗ്രാം വീതം എല്ലുപൊടിയും വേപ്പിൻ പിണ്ണാക്കും കൂടി ചേർത്ത് 3 മാസത്തെ ഇടവേളകളിൽ വളമായി നൽകാം. നല്ല ഉൽപ്പാദനത്തിന് അരകിലോഗ്രാം വീതം യൂറിയയും പൊട്ടാഷും ഒരു കിലോഗ്രാം രാജ്ഫോസും നാലുമാസത്തിലൊരിക്കൽ നൽകാം. സൂക്ഷ്മവള മിശ്രിതം വർഷത്തിൽ രണ്ട് തവണ ചേർത്ത് മണ്ണ് കൂട്ടണം.

**പൂവിടൽ**

നന്നായി പരിപാലിച്ചാൽ നട്ട് ആറ് മാസത്തിൽ തന്നെ പൂവിടും. സാധാരണഗതിയിൽ മെയ് മുതൽ നവംബർ വരെയാണ് പൂവിടൽ കാലം. പൂവിരിഞ്ഞാൽ ഒന്നര മാസത്തിനകം വിളവെടുക്കാം. ചെടിയിൽ വേണ്ടതിലേറെ പൂക്കളുണ്ടെങ്കിൽ കായ്കൾ ചെറുതാകും. ചെടിയുടെ ആരോഗ്യമനുസരിച്ച് മാത്രമേ പൂക്കൾ നിലനിർത്താവൂ. ശരിയായ പോഷണം നൽകുന്നതും പൂക്കളുടെ എണ്ണം കുറയ്ക്കുന്നതും കായ്കൾ വലുതാകാൻ സഹായിക്കും. പൂവിടലും വിളവെടുപ്പും സെപ്തംബർ, ഒക്ടോബർ മാസത്തോടെ പൂർത്തിയാകും.

**പ്രൂണിംഗ്**

ഡ്രാഗൺ ഫ്രൂട്ട് നന്നായി പ്രൂൺ ചെയ്യണം. എല്ലാ വർഷവും സെപ്തംബർഒക്ടോബർ മാസങ്ങളിൽ വിളവെടുപ്പിനുശേഷം അടിഭാഗത്തുള്ള മൂത്ത ശാഖകൾ മുറിച്ച് നീക്കുന്നത് പുതിയ ശാഖകളെ പ്രോത്സാഹിപ്പിക്കും. പൂവിട്ട ശാഖകളിൽ അമിതമായുള്ളവയും മുറിച്ചു നീക്കണം. പ്രധാന വള്ളി താങ്ങുകാലിന് മുകളിൽ ഉണ്ടാകുന്ന എല്ലാ ഉപശാഖകളും മുറിച്ചുമാറ്റണം. മുകളിൽ എത്തിക്കഴിയുമ്പോൾ പ്രധാന വള്ളിയുടെ അഗ്രം മുറിച്ചുനീക്കുന്നത് ഉപശാഖകളുടെ വളർച്ചയ്ക്ക് നല്ലതാണ്. അടുത്ത വർഷം കൂടുതൽ ഉൽപ്പാദനമുണ്ടാക്കാൻ പ്രൂണിംഗ് സഹായിക്കും.




**ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് കൊച്ചി ശാഖ ആസ്റ്റർ മെഡ്സിറ്റി പീഡിയാട്രിക്സ് ആന്റ് നിയോനേറ്റോളജി സെന്റർ ഓഫ് എക്സലൻസുമായി ചേർന്ന് കുട്ടികളുടെ അത്യാഹിത ചികിത്സ എന്ന വിഷയത്തിൽ കൊച്ചി ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ച മൺസൂൺ സി.എം ഇ ശില്പശാലയുടെ ഉദ്ഘാടനം ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് ദേശീയ പ്രസിഡന്റ് ഡോ. ജി.വി.ബസവരാജ നിർവ്വഹിക്കുന്നു. ഡോ. എബി മാത്യു, ഡോ.വിവിൻ എബ്രഹാം, ഡോ. ഷിമ്മി പൗലോസ്, ഡോ ജീസൺ സി. ഉണ്ണി, ഡോ. സജിത്ത് കേശവൻ, ധന്യ ശ്യാമളൻ, അശോക് കുമാർ, ഡോ. സെബാസ്റ്റിയൻ പോൾ തുടങ്ങിയവർ സമീപം.**

# കൂടുതൽ ഡോക്ടർമാരെ നിയമിക്കണം: ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ്

**കൊച്ചി:** ഗുരുതരാവസ്ഥയിലുള്ള കുട്ടികളുടെ ഫലപ്രദമായ ചികിത്സയ്ക്ക് വിദഗ്ദരായ കൂടുതൽ ഡോക്ടർമാരെ അടിയന്തിരമായി രാജ്യത്തിനാവശ്യമുണ്ടെന്ന് ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് ദേശീയ പ്രസിഡന്റ് ഡോ. ജി.വി.ബസവരാജ. ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് കൊച്ചി ശാഖ ആസ്റ്റർ മെഡ്സിറ്റി പീഡിയാട്രിക്സ് ആന്റ് നിയോനേറ്റോളജി സെന്റർ ഓഫ് എക്സലൻസുമായി ചേർന്ന് കുട്ടികളുടെ അത്യാഹിത ചികിത്സ എന്ന വിഷയത്തിൽ കൊച്ചി ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ച മൺസൂൺ സി.എം ഇ ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കുട്ടികൾക്കിടയിൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ കൂടിവരുന്ന ഇക്കാലത്ത് ഡോക്ടർമാർക്ക് കൂടുതൽ പരിശീലനവും രാജ്യത്തുടനീളമുള്ള സ്വകാര്യ ആശുപത്രികളിൽ കുട്ടികൾക്കുള്ള തീവ്രപരിചരണ വിഭാഗങ്ങളും (പീഡിയാട്രിക് ഐസിയു) ആവശ്യമാണ്. എങ്കിൽ മാത്രമേ വിദേശരാജ്യങ്ങളിലേതുപോലെ ഗുണനിലവാരമുള്ള ആരോഗ്യ പരിപാലനം ഇന്ത്യയിലും സാധ്യമാകൂവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു

കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ഇന്ത്യയിലെ പീഡിയാട്രിക്സ് തീവ്രപരിചരണ രംഗം ശ്രദ്ധേയമായ പുരോഗതിയാണ് കൈവരിച്ചിട്ടുള്ളതെന്ന് ആസ്റ്ററിലെ പീഡിയാട്രിക് കൺസൾട്ടന്റും സി.എം.ഇയുടെ സംഘാടക ചെയർമാനുമായ ഡോ. ജീസൺ.സി ഉണ്ണി പറഞ്ഞു. പൊതുജനാരോഗ്യ രംഗത്തും സ്വകാര്യ ആശുപത്രികളിലും ഇപ്പോൾ നിരവധി പീഡിയാട്രിക് ഐ.സി.യുകൾ പ്രവർത്തിക്കുന്നുണ്ട്. ഗുരുതരമായ അസുഖങ്ങളുള്ള കുട്ടികൾക്ക് മികച്ച ചികിത്സയാണ് ഈ യൂണിറ്റുകൾ നൽകുന്നത്. മെഡിക്കൽ എംഡിക്ക് ശേഷം പീഡിയാട്രിക് ഇന്റൻസീവ് കെയറിൽ ഫെലോഷിപ്പ് നൽകുന്ന രാജ്യത്തെ 59 സ്ഥാപനങ്ങളിൽ ഒന്നാണ് ആസ്റ്റർ മെഡ്സിറ്റിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വൈദ്യശാസ്ത്രമേഖലയിലും ശിശുരോഗ ചികിത്സയിലും പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും പലയിടങ്ങളിലും കുട്ടികൾക്ക് തീവ്രപരിചരണം ലഭിക്കുന്നതിനുള്ള സംവിധാനങ്ങളില്ല. അഞ്ച് വയസിൽ താഴെയുള്ള ആയിരം കുട്ടികളിൽ 2 കുട്ടികൾ ഇന്ത്യയിൽ മരിക്കുന്നുണ്ടെന്നാണ് കണക്ക്. ഈ വെല്ലുവിളി മറികടക്കുന്നതിനായി കുട്ടികളുടെ തീവ്രപരിചരണ വിഭാഗങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ഏറ്റവും പുതിയ പീഡിയാട്രിക് പരിശീലന പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്യുന്ന ശിശുരോഗ വിദഗ്ദരുടെ സംഘടനയാണ് ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ്. പരിപാടിയിൽ കുട്ടികൾക്കേൽക്കുന്ന പാമ്പുകടി, പൊള്ളൽ, ഹൃദയാഘാതം, അർബുദം എന്നിങ്ങനെ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള നിരവധി സെഷനുകൾ നടന്നു.

മുതിർന്ന പീഡിയാട്രിക് ഡോക്ടർമാരും അനുബന്ധ സ്പെഷ്യാലിറ്റികളിൽ വൈദഗ്ധ്യവും നീണ്ടകാലത്തെ പരിചയസമ്പത്തുമുള്ള ഡോക്ടർമാരും സംസാരിച്ചു.

കുട്ടികളുടെ തീവ്രപരിചരണവും വെന്റിലേഷനും പരിചയപ്പെടുത്തുന്നതിനായി ആസ്റ്റർ മെഡ്സിറ്റിയിലും ശില്പശാലയും പരിപാടിയോടനുബന്ധിച്ച് സംഘടിപ്പിച്ചു. ആസ്റ്റർ മെഡ്സിറ്റിയിലെ പീഡിയാട്രിക് കൺസൾട്ടന്റും സി.എം.ഇയുടെ സംഘാടക ചെയർമാനുമായ ഡോ ജീസൺ സി. ഉണ്ണി, ഐ.എ.പി കേരള വിഭാഗം പ്രസിഡന്റ് ഡോ. ഷിമ്മി പൗലോസ്, സെക്രട്ടറി ഡോ കൃഷ്ണമോഹൻ, കൊച്ചി ശാഖ പ്രസിഡന്റ് ഡോ.വിവിൻ എബ്രഹാം, സെക്രട്ടറി ഡോ. എബി മാത്യു, ആസ്റ്റർ മെഡ്സിറ്റിയിലെ പി.ഐ.സി.യു കൺസൽട്ടന്റും പരിപാടിയുടെ സംഘാടക സെക്രട്ടറിയുമായ ഡോ. സെബാസ്റ്റ്യൻ പോൾ, ഐ.എ.പി ഇന്റൻസീവ് കെയർ ചാപ്റ്റർ പ്രസിഡന്റ് ഡോ. സജിത്ത് കേശവൻ എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു.

# അവയമാറ്റം കൂടുതൽ ഫലപ്രദമാക്കാൻ സർക്കാർ ഉപദേശക സമിതി

**തിരുവനന്തപുരം:** സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കൽ പ്രക്രിയ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ സർക്കാർ ഉപദേശക സമിതി രൂപീകരിച്ച് വിജ്ഞാപനമിറക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 1994ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൺ ഓർഗൺസ് ആക്ട് പ്രകാരമായിരിക്കും ഈ സമിതി പ്രവർത്തിക്കുക. 2 വർഷത്തെ കാലാവധിയുള്ള ഉപദേശക സമിതിയുടെ അധ്യക്ഷൻ ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി ആണ്. മെമ്പർ സെക്രട്ടറി, മെഡിക്കൽ വിദഗ്ധർ, സാമൂഹ്യ പ്രവർത്തകർ, നിയമ വിദഗ്ധർ, സർക്കാർ ഇതര സംഘടന/ അവയവം സ്വീകരിച്ചവരുടെ പ്രതിനിധികൾ എന്നിവരടങ്ങുന്ന 9 അംഗ സമിതിയാണ്.

കോട്ടയം സർക്കാർ മെഡിക്കൽ കോളേജ് പ്രൊഫസർ & എച്ച്.ഒ.ഡി. കാർഡിയോ വാസ്കുലർ തൊറാസിക് സർജനും സൂപ്രണ്ടുമായ ഡോ. ടി.കെ. ജയകുമാർ, കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ക്ലിനിക്കൽ പ്രൊഫസറും ചീഫ് ട്രാൻസ്പ്ലാന്റ് സർജനുമായ എസ്. സുധീന്ദ്രൻ എന്നിവരാണ് സമിതിയിലെ മെഡിക്കൽ വിദഗ്ധർ. ആരോഗ്യ വകുപ്പ് ഡയറക്ടറാണ് മെമ്പർ സെക്രട്ടറി. സാമൂഹിക പ്രവർത്തകനായി പൊതുജനാരോഗ്യ വിദ്ഗധൻ ഡോ. വിരാമൻ കുട്ടി, സാമൂഹിക പ്രവർത്തകയായി ഡോ. ഖദീജ മുതാംസ്, നിയമ വിദഗ്ധനായി റിട്ടേയർഡ് ജില്ലാ ജഡ്ജ് എം. രാജേന്ദ്രൻ നായർ, മറ്റ് അംഗങ്ങളായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ഓഫ്താൽമോളജി വിഭാഗം മുൻ പ്രൊഫസർ & എച്ച്.ഒ.ഡി. ഡോ. വി. സഹസ്രനാമം, അവയവം സ്വീകരിച്ചവരുടെ പ്രതിനിധിയായി ലിവർ ഫൗണ്ടേഷൻ ഓഫ് കേരളയുടെ സെക്രട്ടറി എം.കെ. മനോജ് കുമാർ തുടങ്ങിയവരെയാണ് സമിതി അംഗങ്ങളായി നിയമിച്ചിട്ടുള്ളത്.

# തേവര എസ്എച്ച് കോളജ് വൈസിസി: ദേവി ചന്ദന പ്രസിഡന്റ്, ഗ്രിഗർ സണ്ണി സെക്രട്ടറി



ദേവി ചന്ദന, ഗ്രിഗർ സണ്ണി

**കൊച്ചി:** തേവര സേക്രട്ട് ഹാർട്ട് കോളജിലെ യംഗ് കമ്മ്യൂണിക്കേറ്റേഴ്സ് ക്ലബ്ബ് (വൈ.സി.സി) പ്രസിഡന്റായി എം.എ ജെഎംസി ഒന്നാം വർഷ വിദ്യാർഥിനി ദേവി ചന്ദനയെയും സെക്രട്ടറിയായി ബിസിജെ രണ്ടാം വർഷ വിദ്യാർഥി ഗ്രിഗർ സണ്ണിയെയും തിരഞ്ഞെടുത്തു. കോളജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഭാരവാഹികൾ ചുമതലയേറ്റു. കോളജ് പ്രിൻസിപ്പാൾ ഡോ.സി.എസ് ബിജു അധ്യക്ഷത വഹിച്ചു. പബ്ലിക്ക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യ (പിആർസി ഐ) കേരള ചാപ്റ്റർ ചെയർമാൻ റാം മേനോൻ ഭാരവാഹികൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. പിആർസി ഐ ദേശീയ ഗവേണിംഗ് കൗൺസിൽ സെക്രട്ടറിയും ഡയറക്ടറുമായ ഡോ. ടി. വിനയകുമാർ മുഖ്യപ്രഭാഷണം നടത്തി. എസ്.എച്ച് സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ ഡയറക്ടറും പിആർസി ഐ കൊച്ചി ചാപ്റ്റർ ചെയർമാനുമായ ബാബു ജോസഫ്, എസ്.എച്ച് സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ ഫാ. ആന്റണി പള്ളത്തി സി.എം.ഐ, പിആർസി ഐ കൊച്ചി ചാപ്റ്റർ സെക്രട്ടറി മനോജ് മാനുവൽ, പിആർസി ഐവൈസിസി സംസ്ഥാന കാർഡിനേറ്ററും എസ്. എച്ച് കോളജ് ജേർണലിസം ഡിപ്പാർട്ട്മെന്റ് മേധാവിയുമായ സുജിത് നാരായണനൻ തുടങ്ങിയവർ സംസാരിച്ചു.

# കെ.എച്ച്.ആർ.എ.സുരക്ഷ പദ്ധതി: സഹായ വിതരണം നാളെ

**കൊച്ചി :** ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസ്സോസിയേഷൻ (കെ.എച്ച്.ആർ.എ) അംഗങ്ങൾക്കായി ഏർപ്പെടുത്തിയ സുരക്ഷ പദ്ധതിയുടെ സഹായ വിതരണം നാളെ (10.09.2024, ചൊവ്വ) നടക്കും. എറണാകുളം എം.ജി.റോഡിലുള്ള കെ.എച്ച്.ആർ.എ ഭവനിൽ രാവിലെ 9.30. ന് സംസ്ഥാന പ്രസിഡന്റ് ജി.ജയപാലിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ സഹായ വിതരണത്തിന്റെ ഉദ്ഘാടനം മന്ത്രി പി.രാജീവ് നിർവ്വഹിക്കും. യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി.ബാലകൃഷ്ണ പൊതുവാൾ, ട്രഷറർ മുഹമ്മദ് ഷെരീഫ്, ജില്ലാ നേതാക്കൾ തുടങ്ങിയവർ പ്രസംഗിക്കും. മരണപ്പെടുന്ന അംഗങ്ങൾക്ക് മരണാനന്തര സഹായം നൽകുന്നതിനായി രൂപീകരിച്ചതാണ് സുരക്ഷാ പദ്ധതി. ഇതിലൂടെ അംഗത്തിന്റെ അവകാശികൾക്ക് പത്ത് ലക്ഷം രൂപയാണ് നൽകുന്നത്.

# മാക്ട ലെജന്റ് ഹോണർ പുരസ്കാരം ശ്രീകുമാരൻ തമ്പിക്ക്




**കൊച്ചി:** മലയാളം സിനി ടെക്നീഷ്യൻസ് അസോസിയേഷൻ മാക്ട മുപ്പതാം വാർഷികം ആഘോഷിച്ചു. കവിയും ചലച്ചിത്ര ഗാന രചയിതാവും സംവിധായകനുമായ ശ്രീകുമാരൻ തമ്പിക്ക് മാക്ട നാലാമത് ലെജന്റ് ഹോണർ പുരസ്കാരം സമ്മാനിച്ചു.സംവിധായകൻ ജോഷിയിൽ നിന്നും ശ്രീകുമാരൻ തമ്പി പുരസ്കാരം ഏറ്റുവാങ്ങി.ദൃശ്യകലയിൽ പെർഫോർമാരെയാണ് ജനങ്ങൾ കാണുന്നതെങ്കിലും അതിനു പിന്നിൽ പ്രവർത്തിച്ച ക്രിയേറ്റേഴ്സിന്റേതാണ് എല്ലാ മികവുമെന്ന് ശ്രീകുമാരൻ തമ്പി പറഞ്ഞു. അപകർഷതാബോധം കൊണ്ട് പെർഫോർമാരുടെ പിറകിൽ നിൽക്കേണ്ടവരല്ല സൃഷ്ടാക്കൾ. ആരുടെ മുമ്പിലും തല കുനിക്കാതെ ആത്മവിശ്വാസത്തോടെയും ആത്മാർഥതയോടെയും മുമ്പോട്ട് പോകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. താൻ ആരുടെ മുമ്പിലും തല കുനിച്ചിട്ടില്ലെന്നും ശ്രീകുമാരൻ തമ്പി പറഞ്ഞു.

ജോഷി, ജോൺ പോൾ, കലൂർ ഡെന്നീസ്, എസ് എൻ സ്വാമി, ഡെന്നീസ് ജോസഫ്, ഗായത്രി അശോക്, ഷിബു ചക്രവർത്തി, പോൾ ബാബു , രാജീവ്നാഥ്, റാഫി മെക്കാർട്ടിൻ, വൈ ബേബിക്കുട്ടി എന്നിവരെ ആദരിച്ചു. റോസ് ബ്രാൻ ബിരിയാണി റൈസ് പ്രധാന സ്പോൺസറായ മാക്ട മുപ്പതാം വാർഷികാഘോഷം എറണാകുളത്തെ പ്രമുഖ ഇവന്റ് മാനേജ്മെന്റ് കമ്പനിയായ എസ്പാനിയോ ഇവന്റ്സുമാണ് അവതരിപ്പിച്ചത്.

# ഓണം ക്യാമ്പയിനുമായി ലിനൻ ക്ലബ്

**കൊച്ചി:** ലിനൻ ക്ലബ് ഓണം ക്യാമ്പയിനായ ഓണ വാഗ്ദാനം' പരസ്യചിത്രവും പൊന്നോണം കതിരടി ഓണപ്പാട്ടും പുറത്തിറക്കി. പൊന്നോണം കതിരടി എന്ന ഓണപ്പാട്ട് ഗായിക സിത്താര കൃഷ്ണകുമാറിന്റെ മാന്ത്രിക സ്വരത്തിൽ റോക്ക് ബാൻഡായ ദി മ്യൂസിക് എസ്കേപ്പിന്റെ യുവത്വം തുളുമ്പുന്ന പശ്ചാത്തലത്തിലാണ് ദൃശ്യമാകുന്നത്. ഗോവിന്ദ് പദ്മസൂര്യയാണ് പ്രധാന വേഷത്തിൽ എത്തുന്നത്. ഉപഭോക്താക്കൾക്ക് ലിനൻ ക്ലബ് എല്ലായിപ്പോഴും നൽകുന്ന വാഗ്ദാനമായ ഗുണനിരവാരവും ആധികാരികതയും കേരളത്തിന്റെ ഊർജ്ജസ്വലമായ ജീവിതപശ്ചാത്തലത്തോടുള്ള ഞങ്ങളുടെ ആദരവും 'ഓണ വാഗ്ദാനം' ക്യാമ്പയിനിൽ പ്രകടമാണെന്ന് ആദിത്യ ബിർള ഗ്രൂപ്പ് ഗ്രാസിം ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ഡൊമസ്റ്റിക് ടെക്സ്റ്റൈൽസ് വിഭാഗം സിഇഒ സത്യകി ഘോഷ് പറഞ്ഞു. ലിനൻ ക്ലബ് തങ്ങളുടെ വസ്ത്രങ്ങൾ സൃഷ്ടിക്കുന്ന അതേ അർപ്പണബോധവും അഭിനിവേശവും പരിശുദ്ധിയും ഈ ഗാനത്തിന്റെ സൃഷ്ടിയിലുമുണ്ടെന്ന് ഗായിക സിത്താര അഭിപ്രായപ്പെട്ടു.

# ഓണം ഓഫറുമായി റാക്കോൾഡ്

**കൊച്ചി:** രാജ്യത്തെ പ്രമുഖ വാട്ടർ ഹീറ്റർ ബ്രാൻഡായ റാക്കോൾഡ് ഈ ഓണത്തിന് കേരളത്തിലെ ഉപഭോക്താക്കൾക്കായി ആകർഷകമായ ഓഫറുകളുമായി രംഗത്തുവന്നിരിക്കുകയാണ്. ഓഫറിൻറെ ഭാഗമായി ഓരോ റാക്കോൾഡ് വാട്ടർ ഹീറ്റർ വാങ്ങുമ്പോഴും സുഖപ്രദവും മികച്ച ഗുണനിലവാരവുമുള്ള ഒരു ബാത്ത് ടവ്വൽ സൗജന്യമായി ലഭിക്കും. ഉന്നത നിലവാരമുള്ള സാങ്കേതികവിദ്യ, ഉയർന്ന ഊർജ്ജക്ഷമത , ആകർഷക ഡിസൈനുകൾ എന്നിവയുടെ പേരിൽ ഏറെ പ്രശസ്തമാണ് റാക്കോൾഡ് വാട്ടർ ഹീറ്ററുകൾ.



# സുതലം 2024 വിപണന മേള

**ആലുവ :** ഫോറസ്റ്റ് ഇൻഡസ്ട്രിസ് ട്രാവൻകൂർ ലിമിറ്റഡ് ഓണത്തിനോടാനുബന്ധിച്ച് സംഘടിപ്പിച്ച സുതലം 2024 വിപണന മേളയുടെ ഉദ്ഘാടനം എഫ്. ഐ. ടി ചെയർമാൻ ആർ അനിൽകുമാർ ഐ. സി. ഐ. സി ബാങ്ക് ബ്രാഞ്ച് മാനേജർ അനുവിൽ ജോർജിന് ആദ്യ വിൽപ്പന നടത്തി നിർവ്വഹിച്ചു. മാനേജിങ് ഡയറക്ടർ അഫ്സൽ അലി കെ അദ്ധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർ റൂബി ജിജി, യൂണിയൻ പ്രതിനിധി നവകുമാർ, ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

# ധാരണാപത്രം ഒപ്പുവെച്ചു

**കൊച്ചി:** കേരള സർക്കാർ ഇലക്ട്രോണിക്സ്, വിവരസാങ്കേതികവിദ്യ വകുപ്പിനുകീഴിലുള്ള സ്വതന്ത്ര സോഫ്റ്റ്വെയർ ഹാർഡ്വെയർ ഗവേഷണ സ്ഥാപനമായ ഐസിഫോസും ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിനു കീഴിലുള്ള ഹോർട്ടികൾച്ചറൽ രംഗത്തെ പ്രമുഖ ഗവേഷണ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചറൽ റിസർച്ചും സഹകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് ധാരണാപത്രം ഒപ്പുവെച്ചു. സ്വതന്ത്ര ഹാർഡ്വെയർ, ഐഒടി, കാലാവസ്ഥ നിരീക്ഷണം, എംൽ/എഐ തുടങ്ങിയ സാങ്കേതിക മേഖലയിലുള്ള ഐസിഫോസിന്റെ വൈദഗ്ധ്യവും കാർഷികമേഖലയിലുള്ള ഐഐഎച്ച്ആറിന്റെ വൈദഗ്ധ്യവും കാർഷിക/ഹോർട്ടികൾച്ചറൽ മേഖലയിൽ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായാണ് പരസ്പര സഹകരണത്തിന് ധാരണയിൽ എത്തിച്ചേർന്നത്. ബെംഗളൂരുവിലെ ഐഐഎച്ച്ആർ കാര്യാലയത്തിൽ നടന്ന ചടങ്ങിൽ ഐഐഎച്ച്ആർ മേധാവി ഡോ. തുഷാർ കാന്തി ബെഹ്റയും ഐസിഫോസ് മേധാവി ഡോ. സുനിൽ ടി ടി യും ധാരണാപത്രത്തിൽ ഒപ്പുവച്ചു. ഐ ഐ എച്ച് ആർ പ്രിൻസിപ്പൽ സയന്റിസ്റ്റുമാരായ ഡോ. ഇ . ശ്രീനിവാസ റാവു, ഡോ. സെന്തിൽ കുമരൻ, ഡോ. ജി കരുണാകരൻ, ഡോ. ശ്രീധർ കുട്ടം, ഐസിഫോസ് മാനേജർ ജയകുമാർ കെ.എസ് എന്നിവർ പങ്കെടുത്തു.

# പത്തു കോടി നിക്ഷേപം സമാഹരിച്ച് കെഎസ്‌യുഎം സ്റ്റാർട്ടപ്പ് ഐറോവ്

**കൊച്ചി:** രാജ്യത്തെ വാണിജ്യാവശ്യങ്ങൾക്കായുള്ള ആദ്യ തദ്ദേശീയ അണ്ടർ വാട്ടർ ഡ്രോൺ വികസിപ്പിച്ച ഐറോവ് പത്തു കോടി നിക്ഷേപം സമാഹരിച്ചു.

യൂണികോൺ ഇന്ത്യ നടത്തിയ പ്രീസീരീസ് എ റൗണ്ടിലാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ സ്റ്റാർട്ടപ്പായ ഐറോവ് നിക്ഷേപം സമാഹരിച്ചത്. ഗൾഫ്, കിഴക്കൻ ആഫ്രിക്ക, യൂറോപ്പ് എന്നിവിടങ്ങളിൽ നിലവിലുള്ള സാന്നിദ്ധ്യം വർധിപ്പിക്കാനൊരുങ്ങുകയാണ് ഐറോവ്. വിപണി സാന്നിദ്ധ്യം ശക്തമാക്കുന്നതിനോടൊപ്പം ഗവേഷണ വികസനപ്രവർത്തനങ്ങൾ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടു പോവുകയാണെന്ന് ഐറോവ് സിഇഒ ജോൺസ് ടി മത്തായി ചൂണ്ടിക്കാട്ടി. ഐറോവിൻറെ നൂതനസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഉത്പന്നങ്ങൾ ഇന്ത്യൻ വിപണിയിൽ ചുവടുറപ്പിച്ചു കഴിഞ്ഞു.

ഇനി വിദേശവിപണിയാണ് ലക്ഷ്യമെന്നും ജോൺസ് പറഞ്ഞു.പുതിയ ഉത്പന്നങ്ങളുടെ ഗവേഷണ പ്രവർത്തനങ്ങൾക്ക് ഈ നിക്ഷേപം ഊർജ്ജം പകരുമെന്ന് ഐറോവ് ചീഫ് ടെക്നിക്കൽ ഓഫീസർ കണ്ണപ്പ പളനിയപ്പൻ പി പറഞ്ഞു. ഈ വർഷം രാജ്യത്തിനകത്തും പുറത്തുമുള്ള നിരവധി കമ്പനികളുമായി ഐറോവ് കരാറുണ്ടാക്കി കഴിഞ്ഞു. ഓയിൽ ആൻഡ് ഗ്യാസ്, അടിസ്ഥാനസൗകര്യ പദ്ധതികൾ, ഇന്ത്യൻ പ്രതിരോധ മേഖല എന്നിവയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.സമുദ്രാന്തർ റോബോട്ടിക് സാങ്കേതികവിദ്യ അതിസങ്കീർണമായ ഒന്നാണെന്ന യൂണികോൺ ഇന്ത്യ വെഞ്ചറിൻറെ മാനേജിംഗ് പാർട്ണർ അനിൽ ജോഷി പറഞ്ഞു.

അണ്ടർവാട്ടർ ഡ്രോൺ എന്നത് നൂതനമായ ആശയമാണ്. ഡീപ് ടെക് മേഖലയിൽ യൂണികോൺ ഇന്ത്യ എല്ലായ്പോഴും മികച്ച പ്രോത്സാഹനമാണ് നിക്ഷേപങ്ങൾ വഴി നടത്തുന്നത്. ആഗോള നിലവാരത്തിലുള്ള ഐറോവിൻറെ ഉത്പന്നങ്ങൾ ഭാവിയിലെ മുതൽക്കൂട്ടാണെന്നും അദ്ദേഹം പറഞ്ഞു.

സഹപാഠികളായിരുന്ന ജോൺസ് ടി മത്തായി, കണ്ണപ്പ പളനിയപ്പൻ എന്നിവർ ചേർന്ന് 2016 ലാണ് ഐറോവ് കമ്പനി ആരംഭിച്ചത്.

ജലാന്തർ ഭാഗത്തേക്ക് ചെന്ന് വ്യക്തമായ ദൃശ്യങ്ങളും വിവരശേഖരണവും നടത്തുന്ന ഐറോവ് ട്യൂണ എന്ന അണ്ടർവാട്ടർ ഡ്രോൺ ഏറെ ശ്രദ്ധയാകർഷിച്ചിരുന്നു

# റിലയൻസ് ഫൗണ്ടേഷൻ സ്കില്ലിംഗ് അക്കാഡമി

**മുംബൈ:** റിലയൻസ് ഫൗണ്ടേഷൻ സ്കില്ലിംഗ് അക്കാഡമി നൈപുണ്യ വികസന, സംരംഭകത്വ, വിദ്യാഭ്യാസ വകുപ്പ് സഹമന്ത്രി ജയന്ത് ചൗധരി ലോഞ്ച് ചെയ്തു. ഭാവിയിലെ തൊഴിലുകൾക്ക് ഇന്ത്യൻ യുവത്വത്തെ പാകപ്പെടുത്തിയെടുക്കുന്ന പുതുതലമുറ നൈപുണ്യ വികസന പ്ലാറ്റ്ഫോമാണ് റിലയൻസ് ഫൗണ്ടേഷൻ സ്കില്ലിംഗ് അക്കാഡമി. 'എംപവറിംഗ് യൂത്ത് ഫോർ ദ ജോബ്സ് ഓഫ് ദ ഫ്യൂച്ചർ' എന്ന ദേശീയ സമ്മേളനത്തിൽ വെച്ചാണ് പുതിയ നൈപുണ്യ പ്ലാറ്റ്ഫോം ലോഞ്ച് ചെയ്തത്.



നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച് റിലയൻസ് ഫൗണ്ടേഷനാണ് ദേശീയ കോൺഫറൻസ് സംഘടിപ്പിച്ചത്. ഇന്ത്യൻ യുവത്വത്തിന്റെ നൈപുണ്യവികസനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത സമ്മേളനത്തിൽ രാജ്യത്തെ സർക്കാർ, കോർപ്പറേറ്റ് ഫിലന്ത്രോപ്പി, വ്യവസായ, അക്കാഡമിക് മേഖലകളിൽ നിന്നുള്ള പ്രമുഖർ പങ്കെടുത്തു.

തൊഴിൽ വൈദഗ്ധ്യം അഥവാ നൈപുണ്യ വികസനമെന്നത് യുവാക്കളുടെ അഭിലാഷമാക്കി മാറ്റിയെടുത്ത് ലൈഫ്ലോംഗ് ലേണിംഗ് എന്ന ഒരു സംസ്കാരം വളർത്തിയെടുക്കുക എന്നതാണ് തങ്ങളുടെ ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി ജയന്ത് ചൗധരി പറഞ്ഞു. എഐഎസിടിഇയുമായി സഹകരിച്ചായിരിക്കും റിലയൻസ് ഫൗണ്ടേഷൻ സ്കില്ലിംഗ് അക്കാഡമിയുടെ പ്രവർത്തനം.

# കമൽ മുഹമ്മദിന് സാമൂഹ്യ സേവന അവാർഡുകൾ

**കൊച്ചി:** സാമൂഹ്യസേവനരംഗത്തെ പ്രവർത്തനങ്ങൾക്ക് മനുഷ്യാവകാശ പ്രവർത്തകനും ബിസിനസ്സുകാരനുമായ കമൽ ഹസൻ മുഹമ്മദ് ജൂനിയർ ചേംബർ ഇന്റർനാഷനൽ (ജെസിഐ) ഏർപ്പെടുത്തിയ അവാർഡ്, ദാദാ സാഹിബ് ഫാൽകെ ഇന്റർനാഷലൻ മോട്ടിവേഷനൽ അവാർഡ് എന്നിവ നേടി. ജെസിഐയുടെ 60ാം വാർഷികം പ്രമാണിച്ച് നൽകിയ അവാർഡ് കൊച്ചിയിൽ നടന്ന ചടങ്ങിൽ ഹൈബി ഈഡൻ എംപി സമ്മാനിച്ചു. ജെസിഐ ദേശീയ പ്രസിഡന്റ് ഡോ രാകേഷ് ശർമ, കൊച്ചിൻ ചാപ്റ്റർ പ്രസിഡന്റ് ഡോ. ഷബീർ ഇഖ്ബാൽ തുടങ്ങിയവർ പങ്കെടുത്തു. ദാദാ സാഹിബ് ഫാൽകെ ഇന്റർനാഷലൻ മോട്ടിവേഷനൽ അവാർഡ് മുംബൈയിൽ നടന്ന ചടങ്ങിൽ പഞ്ചാബി ഗായകൻ ബൽജീത് സിംഗ് സമ്മാനിച്ചു. ഫൗണ്ടേഷൻ സ്ഥാപകൻ അമോൽ ഭഗത് തുടങ്ങിയവർ പങ്കെടുത്തു. സെപ്തംബർ 15ന് കാഠ്മണ്ഡുവിൽ നടക്കുന്ന ചടങ്ങിൽ സമ്മാനിക്കുന്ന എൻസിഎഫ്സി ആഗോള അവാർഡ്സിലെ സാമൂഹ്യപ്രവർത്തനത്തിനുള്ള അവാർഡ് ജേതാവു കൂടിയാണ് കമൽ മുഹമ്മദ്.



# ഗുണാ കേവ് ഓണം ട്രേഡ് ഫെയർ മറൈൻ ഡ്രൈവിൽ ആരംഭിച്ചു

**കൊച്ചി:** പന്തൽ ട്രേഡ് ഫെയർ അസോസിയേറ്റ്സിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന മെഗാ ഓണം ട്രേഡ് ഫെയർചലച്ചിത്ര താരം ഹണി റോസും മഞ്ഞുമ്മൽ ബോയ്സ് ടീമും ചേർന്ന് ഉദ്ഘാടനം ചെയ്തു. കൊച്ചി കോർപ്പറേഷൻസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി ആർ റനീഷ്, ഷനിൽ, മഹേഷ്, മിഥുൻ, മനോജ്, ബിനു ഗോപി, രാജേഷ് തങ്കപ്പൻഎന്നിവർ പ്രസംഗിച്ചു.

പന്തൽ ട്രേഡ് ഫെയർ അസോസിയേറ്റ്സിന്റെ 25ാം വാർഷികാഘോഷത്തിന്റെ ഭാഗമായി ഹണി റോസ് കേക്ക്മുറിച്ചു.



എറണാകുളം മറൈൻ ഡ്രൈവ് മൈതാനിയിൽ ആരംഭിച്ച മെഗാ ഓണം ട്രേഡ് ഫെയറിൽ കൊടൈക്കനാലിലെ ഗുണാകേവിലേക്ക് പോകുന്ന പറയിടുക്കിന്റെ മാതൃകയിലാണ് പ്രവേശന കവാടം രൂപപ്പെടുത്തിയിരിക്കുന്നത്. മനോഹരമായ വെള്ളച്ചാട്ടം, അത്ഭുതപ്പെടുത്തുന്ന കാനനയാത്ര എന്നിവ ഇവിടെ ഒരുക്കിയിട്ടുണ്ട്. കാട്ടിലൂടെനടക്കുന്ന അനുഭവമാണ് സന്ദർശകർക്ക് ലഭിക്കുക. പക്ഷികളുടെയും അരുമകളുടെയും വിശാല ലോകവും ഇവിടെ ഒരുക്കിയിട്ടുണ്ട്. 150 രൂപയുടെ ലവ് ബേർഡ്സ്മുതൽ ലക്ഷങ്ങൾ വിലയുള്ള മെക്കാവു വരെ ഫെയറിൽ കാഴ്ചക്കാരേയും പക്ഷി സ്നേഹികളേയുംകാത്തിരിക്കുന്നുണ്ട്. സിലിൻഡ്രിക്കൽ അക്വേറിയം, പെറ്റ്ഷോ എന്നിവയും ഒരുക്കിയിട്ടുണ്ട്.നൂറ്റി അൻപതിലേറെ സ്റ്റാളുകളാണ് മേളയിലുള്ളത്. കറിക്കത്തി മുതൽ കാറുകൾ വരെ ലഭിക്കുന്ന ബ്രാൻഡഡ്സ്റ്റാളുകളും ഉത്പന്ന വിപണന മേളയും സന്ദർശകരെ സ്വീകരിക്കും. കുട്ടികൾക്ക് കിഡ്സ് സോൺ, അമ്യൂസ്മെന്റ് പാർക്ക് , രുചിയാസ്വദിക്കാൻ ഫുഡ് കോർട്ടുകളും സജ്ജമാണ്.

ഒക്ടോബർ ആറു വരെ ഒരു മാസം തുടരുന്ന മെഗാ ഓണം ട്രേഡ് ഫെയറിൽ പ്രവേശനം പാസ് മൂലം. പ്രവർത്തിദിവസങ്ങളിൽ ഉച്ചക്ക് രണ്ടു മുതൽ രാത്രി ഒൻപത് വരെയും അവധി ദിവസങ്ങളിൽ രാവിലെ 11 മുതൽ രാത്രി ഒൻപത് വരെയുമാണ് പ്രദർശനം.




# സിറ്റിസൺ പ്രൊമോമാസ്റ്റർ ലിമിറ്റഡ് എഡിഷൻ പുറത്തിറക്കി

**കൊച്ചി:** സിറ്റിസൺ കമ്പനിയുടെ 100ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി കൊച്ചി ലുലു മാളിലെ സിറ്റിസൺ എക്സ്ക്ലൂസീവ് സ്റ്റോറിൽ സിറ്റിസൺ പ്രൊമോമാസ്റ്റർ ലിമിറ്റഡ് എഡിഷൻ പ്രശസ്ത ഫിറ്റ്നസ് താരവും സിനിമാ നടിയുമായ സാക്ഷി അഗർവാൾ പുറത്തിറക്കി.സിറ്റിസൺ അതിൻറെ ജൈത്രയാത്ര തുടരുന്നതിൻറെ ഭാഗമായാണ് എഫ് യു ജി യു ഇൻസ്പയേഡ് കളക്ഷനായ പ്രോമാസ്റ്റർ പുറത്തിറക്കുന്നത്.ഈ ഉൽപ്പന്നം ഞങ്ങളുടെ പാരമ്പര്യത്തിൻറെ തനിമ വിളിച്ചോതുന്നതിനൊപ്പം ആധുനികതയെ ഉൾക്കൊള്ളാനുള്ള നിരന്തര പരിശ്രമങ്ങളും വാച്ച് പ്രേമികളുടെ ആവേശം ഉൾക്കൊള്ളാനുള്ള പ്രതിബദ്ധതയും വ്യക്തമാക്കുന്നു" സിറ്റിസൺ വാച്ചസ് മാനേജിംഗ് ഡയറക്ടർ റോത കവാതോ പറയുന്നു. ഒരു ലക്ഷം രൂപ മുതൽ വില വരുന്ന സിറ്റിസൺ പ്രൊമോമാസ്റ്റർ ലിമിറ്റഡ് എഡിഷൻ രാജ്യമെമ്പാടുമുള്ള സിറ്റിസൺ ഷോറൂമുകളിലും ഓൺലൈൻ ഷോപ്പുകളിലും ലഭ്യമാണ്.

# നിയമങ്ങളെക്കുറിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം വേണം

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ ലീഡർ ഇൻസൈറ്റിൽ ടെക്പ്രോ ഇൻഫ്രാ പ്രൊജക്ട്സ് ലിമിറ്റഡ് സി ഇ ഒയും കെ എം എ മുൻ പ്രസിഡന്റുമായ ജോസ് പി ഫിലിപ്പ് സംസാരിച്ചു. പരിഷ്ക്കരിച്ച ഇന്ത്യൻ ക്രിമിനൽ നിയമവും പ്രത്യാഘാതങ്ങളും എന്ന വിഷയത്തിലായിരുന്നു




കെ എം എ ലീഡർ ഇൻസൈറ്റ്.സാധാരണ ജനങ്ങൾക്ക് പൊലീസുമായി ബന്ധപ്പെട്ട കുറച്ചു കാര്യങ്ങൾ അറിയാമെങ്കിലും നിയമപ്രകാരമുള്ള പല വിവരങ്ങളും അറിയുന്നില്ലെന്ന് ജോസ് പി ഫിലിപ്പ് പറഞ്ഞു. നമ്മുടെ രാജ്യത്ത് നിയമത്തെ കുറിച്ച് അടിസ്ഥാനപരമായ കാര്യങ്ങൾ സ്കൂളുകളിലോ കോളജുകളിലോ പഠിപ്പിക്കുന്നില്ല എന്നതിനാൽ സാധാരണ ജനങ്ങൾക്ക് നിയമങ്ങളെ കുറിച്ച് കാര്യമായ അവബോധമില്ലാതെ വരികാണെന്നും അദ്ദേഹം പറഞ്ഞു. ഭാരതീയ സാക്ഷ്യ അധിനിയം (ബി എസ് എ) പുതിയ നിയമമായി രംഗത്തു വന്നതോടെ നിരവധി മാറ്റങ്ങളാണ് വന്നിരിക്കുന്നത്. നൂറ്റൻപത് വർഷത്തിലേറെ പഴക്കമുള്ള നിലവിലുള്ള നിയമം മാറ്റിയാണ് പുതിയ നിയമം കേന്ദ്രം കൊണ്ടുവന്നത്. ഇന്ത്യൻ പീനൽ കോഡ് ഉൾപ്പെടെയുള്ള എല്ലാ ക്രിമിനൽ നിയമങ്ങളും ബി എസ് എയിലേക്ക് മാറി. കോളനി കാലത്തെ നിയമം മാറ്റിയാണ് ആധുനിക ഇന്ത്യയ്ക്കാവശ്യമായ നിയമം വന്നത്. കാലം മാറിയപ്പോൾ കുറ്റകൃത്യങ്ങളുടെ രീതികൾക്കും മാറ്റം വന്നിട്ടുണ്ട്. അതിന് അനുസരിച്ചാണ് നിയമം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

സൈബർ കുറ്റങ്ങൾ, വനിതകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തുടങ്ങി പല കാര്യങ്ങളിലും ശക്തമായ നിയമനടപടികളാണ് പുതിയ നിയമത്തിൽ വന്നതെന്നും അദ്ദേഹം പറഞ്ഞു. വിധി ന്യായത്തിന്റെ പകർപ്പ് നേരിട്ട് ലഭ്യമാകുന്നതുപോലെ ഏഴ് ദിവസത്തിനകം ഡിജിറ്റലായും ലഭിക്കുമെന്നത് പുതിയ സൗകര്യമാണെന്നും ജോസ് പി ഫിലിപ്പ് പറഞ്ഞു. കെ എം എ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. മാനേജിംഗ് കമ്മിറ്റി അംഗം ബി ബാലഗോപാൽ സ്വാഗതവും ടോം പി ജോസഫ് നന്ദിയും പറഞ്ഞു.

